# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## വിതുര ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2019-2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തിരുവനന്തപുരം.-695001

ഇ-മെയിൽ: lfadtvm@yahoo.in

ഫോൺ : 0471-2331231

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ട് സഹിതം)

നമ്പർ: കെ എസ് എ റ്റി വി എം ജി പി.5/713/2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തിരുവനന്തപുരം.-695001
തീയ്യതി: 12/04/2021
ഇ-മെയിൽ: lfadtvm@yahoo.in
ഫോൺ: 0471-2331231

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
വിതുര ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : വിതുര ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം വിതുര ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തിരുവനന്തപുരം.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ എസ് എ റ്റി വി എം ജി പി.5/713/2021 തീയ്യതി: 12/04/2021

## തിരുവനന്തപുരം ജില്ലയിലെ വിതുര ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തിരുവനന്തപുരം ജില്ലയിലെ വിതുര ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-02-2019 മുതൽ 10-03-2020 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 31 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 20 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി.ശ്രീജ.കെ | ഡെപ്യൂട്ടി ഡയറക്ടർ | 22-03-2021 | 30-03-2021 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 22-03-2021 | 30-03-2021 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീമതി സിന്ധു പിഎസ്, ഓഡിറ്റ് ഓഫീസർ
ശ്രീമതി അസീന എപി, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീ സുരേഷ് ബാബു, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീമതി ശാലിനി വികെ, സീനിയർ ഗ്രേഡ് ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| എസ് എൽ കൃഷ്ണകുമാരി | പ്രസിഡന്റ് | 01-04-2019 | 31-03-2020 |
| അനുസചേതനൻ വി എസ് | സെക്രട്ടറി | 01-04-2019 | 31-03-2020 |

<u>നിർവ്വഹണഉദ്യോഗസ്ഥർ</u>

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| അനുസചേതനൻ വി എസ് | സെക്രട്ടറി | 01-04-2019 | 31-03-2020 |
| ഹരികുമാർ എസ് | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2019 | 31-03-2020 |
| സത്യൻ വി എസ് | കൃഷി ഓഫീസർ | 01-04-2019 | 29-09-2019 |
| അനാമിക | കൃഷി ഓഫീസർ | 30-09-2019 | 31-03-2020 |
| ഡോ ഷിബി | മെഡിക്കൽ ഓഫീസർ താലൂക്ക് ഹോസ്പിറ്റൽ | 01-04-2019 | 29-04-2019 |
| ഡോ സത്യജിത്ത് ത്യാഗു | മെഡിക്കൽ ഓഫീസർ താലൂക്ക് ഹോസ്പിറ്റൽ | 30-04-2019 | 31-03-2020 |
| ഡോ അനുചന്ദ്രൻ | മെഡിക്കൽ ഓഫീസർ (ആയുർവ്വേദം) | 01-04-2019 | 31-03-2020 |
| ഡോ ദീപ എ എസ് | മെഡിക്കൽ ഓഫീസർ(ഹോമിയോ) | 01-04-2019 | 31-03-2020 |
| ശ്രീദേവി | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2019 | 31-03-2020 |
| അനിതകുമാരി എൽ | ഐസിഡിഎസ് സൂപ്പർവൈസർ | 01-04-2019 | 31-03-2020 |
| ലേഖ എ | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2019 | 31-03-2020 |
| പി ജോയി | ഹെഡ്മാസ്റ്റർ | 01-04-2019 | 31-03-2020 |
| മഹേഷ് എസ് | വി ഇ ഒ | 01-04-2019 | 31-03-2020 |
| ഗൗരിശങ്കർ | വി ഇ ഒ | 01-04-2019 | 31-03-2020 |
| ഡോ സാറാവർഗ്ഗീസ് | വെറ്ററിനറി സർജൻ | 01-04-2019 | 31-03-2020 |

ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് - നടപടിക്രമങ്ങൾ പാലിച്ചില്ല<br>Written By: Sindhu P.S (Audit Officer, On 30-03-2021)<br>Last Updated By: K Sreeja (Deputy Director, On 11-04-2021) | 1-1 |
| 2 | വാർഷിക ധനകാര്യ പത്രിക.<br>Written By: Suresh Babu B (Senior Grade Auditor, On 29-03-2021)<br>Last Updated By: K Sreeja (Deputy Director, On 12-04-2021) | 1-2 |
| 3 | ഇൻകം ആൻഡ് എക്സ്പെൻഡിച്ചർ പത്രിക പ്രകാരം സ്ഥാപനം നഷ്ടത്തിൽ പ്രവർത്തിക്കുന്നു.<br>Written By: Suresh Babu B (Senior Grade Auditor, On 29-03-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 08-04-2021) | 1-2-01 |
| 4 | വാർഷിക കണക്കുകൾ പ്രകാരമുള്ള തനത് വരുമാനങ്ങളുടെ ഡി.സി.ബി പരസ്പരം പൊരുത്തപ്പെടുന്നില്ല.<br>Written By: Suresh Babu B (Senior Grade Auditor, On 29-03-2021)<br>Last Updated By: K Sreeja (Deputy Director, On 12-04-2021) | 1-2-02 |
| 5 | തൊഴിൽ നികുതി ഡിമാന്റ് ചെയ്യുന്നതിൽ വ്യക്തതയില്ല.<br>Written By: Suresh Babu B (Senior Grade Auditor, On 29-03-2021)<br>Last Updated By: K Sreeja (Deputy Director, On 12-04-2021) | 1-2-03 |
| 6 | ബാങ്കിൽ ഹാജരാക്കാത്ത ചെക്കുകൾ ക്രമീകരിച്ചിട്ടില്ല<br>Written By: Suresh Babu B (Senior Grade Auditor, On 30-03-2021)<br>Last Updated By: K Sreeja (Deputy Director, On 12-04-2021) | 1-2-04 |
| 7 | അഡ്വാൻസ് അഡ്ജസ്റ്റ് മെന്റ് വിവരങ്ങൾ ലഭ്യമാക്കാൻ അവശേഷിക്കുന്നു.<br>Written By: Suresh Babu B (Senior Grade Auditor, On 29-03-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 08-04-2021) | 1-2-05 |
| 8 | ബാങ്കിൽ നേരിട്ട് ക്രെഡിറ്റ് ചെയ്ത ചെക്കു് ക്രമീകരിച്ചിട്ടില്ല.<br>Written By: Suresh Babu B (Senior Grade Auditor, On 29-03-2021)<br>Last Updated By: K Sreeja (Deputy Director, On 12-04-2021) | 1-2-06 |
| 9 | വസ്തുനികുതിയുടെ(പാർപ്പിടം) ഡി.സി.ബി.വാർഷിക ധനകാര്യപത്രികപ്രകാരവും സഞ്ചയപത്രിക പ്രകാരവും പരസ്പരം പൊരുത്തപ്പെടുന്നില്ല<br>Written By: Suresh Babu B (Senior Grade Auditor, On 30-03-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 08-04-2021) | 1-2-07 |
| 10 | വസ്തുനികുതിയുടെ (പാർപ്പിട-ഇതരം)ഡി.സി.ബി.വാർഷിക ധനകാര്യപത്രികപ്രകാരവും സഞ്ചയപത്രിക പ്രകാരവും പരസ്പരം പൊരുത്തപ്പെടുന്നില്ല<br>Written By: Suresh Babu B (Senior Grade Auditor, On 30-03-2021)<br>Last Updated By: K Sreeja (Deputy Director, On 12-04-2021) | 1-2-08 |
| 11 | ലൈബ്രറി സെസ് അടവ് വിവരങ്ങൾ ലഭ്യമാക്കേണ്ടതാണ്.<br>Written By: Suresh Babu B (Senior Grade Auditor, On 30-03-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 08-04-2021) | 1-2-09 |
| 12 | ഡെപ്പോസിറ്റ് പ്രവൃത്തികൾ കേരളാ വാട്ടർ അതോരിറ്റിയിൽനിന്നുള്ള വിനിയോഗസാക്ഷ്യ പത്രം ലഭ്യമാക്കിയില്ല.<br>Written By: Suresh Babu B (Senior Grade Auditor, On 30-03-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 08-04-2021) | 1-2-10 |
| 13 | കെ.എസ്.ഇ.ബി.യിലെ ഡെപ്പോസിറ്റ് പ്രവൃത്തികൾ -വിനിയോഗത്തിൽ അവ്യക്തത | 1-2-11 |

| | | |
|---|---|---|
| | Written By: Suresh Babu B (Senior Grade Auditor, On 30-03-2021)<br>Last Updated By: K Sreeja (Deputy Director, On 11-04-2021) | |
| 14 | വസ്തുനികുതി (പാർപ്പിട ഇതരം )ഡിമാന്റിൽ നിന്നും ഒഴിവാക്കിയതിന്റെ കമ്മിറ്റി തീരുമാനം ലഭ്യമാക്കിയില്ല.<br>Written By: Suresh Babu B (Senior Grade Auditor, On 30-03-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 08-04-2021) | 1-2-12 |
| 15 | പല കാരണങ്ങളാൽ സാംഖ്യ രസീതുകൾ ക്യാൻസൽ ചെയ്യുന്നു.<br>Written By: Suresh Babu B (Senior Grade Auditor, On 30-03-2021)<br>Last Updated By: K Sreeja (Deputy Director, On 08-04-2021) | 1-2-13 |
| 16 | തനത് വരുമാനങ്ങളുടെ ഡി.സി.ബി.രജിസ്റ്ററുകളിൽ വേണ്ടത്ര രേഖപ്പെടുത്തലുകൾ ഇല്ല.<br>Written By: Suresh Babu B (Senior Grade Auditor, On 31-03-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 08-04-2021) | 1-2-14 |
| 17 | സാമ്പത്തിക വിശകലനം<br>Written By: Suresh Babu B (Senior Grade Auditor, On 30-03-2021)<br>Last Updated By: K Sreeja (Deputy Director, On 08-04-2021) | 1-3- |
| 18 | ഗ്രാന്റ് വിനിയോഗം<br>Written By: Suresh Babu B (Senior Grade Auditor, On 30-03-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 08-04-2021) | 1-4 |
| 19 | ബാലൻസ് ഷീറ്റ് പ്രകാരം ചെലവഴിക്കാൻ തുക ബാക്കിനിൽക്കുന്നു.<br>Written By: Suresh Babu B (Senior Grade Auditor, On 30-03-2021)<br>Last Updated By: K Sreeja (Deputy Director, On 12-04-2021) | 1-4-1 |
| 20 | ബ്ലോക്ക് വിഹിതത്തിൽ ചെലവഴിക്കാൻ തുക ബാക്കിനിൽക്കുന്നു.<br>Written By: Suresh Babu B (Senior Grade Auditor, On 30-03-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 08-04-2021) | 1-4-2 |
| 21 | ജില്ലാ വിഹിതങ്ങളിൽ ചെലവഴിക്കാൻ തുക ബാക്കിനിൽക്കുന്നു.<br>Written By: Suresh Babu B (Senior Grade Auditor, On 30-03-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 08-04-2021) | 1-4-3 |
| 22 | എസ്.സി.പി.വിഹിതം പശ്ചാത്തല മേഖലയ്ക്ക് അധിക തുക വകയിരുത്തി.<br>Written By: Suresh Babu B (Senior Grade Auditor, On 30-03-2021)<br>Last Updated By: Suresh Babu B (Senior Grade Auditor, On 30-03-2021) | 1-4-4 |
| 23 | ടി.എസ്..പി.വിഹിതം പശ്ചാത്തല മേഘലയ്ക്ക് അധിക തുക വകയിരുത്തി.<br>Written By: Suresh Babu B (Senior Grade Auditor, On 30-03-2021)<br>Last Updated By: K Sreeja (Deputy Director, On 09-04-2021) | 1-4-5 |
| 24 | വിവിധ ഗ്രാന്റ് ചെലവുകൾ എ.എഫ്.എസ് ,എ.സി.ആർ,ഗ്രാന്റ് വിനിയോഗ സാക്ഷ്യപത്രം എന്നിവയിൽ വ്യത്യാസപ്പെട്ടിരിക്കുന്നു.<br>Written By: Suresh Babu B (Senior Grade Auditor, On 31-03-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 08-04-2021) | 1-4-6 |
| 25 | പദ്ധതി അവലോകനം.<br>Written By: Suresh Babu B (Senior Grade Auditor, On 30-03-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 08-04-2021) | 1-5 |
| 26 | തൊഴിലുറപ്പ് പദ്ധതി<br>Written By: ASEENA.A.P (Senior Grade Auditor, On 30-03-2021)<br>Last Updated By: K Sreeja (Deputy Director, On 12-04-2021) | 1-6 |
| 27 | ക്ഷേമപദ്ധതികൾ<br>Written By: Sindhu P.S (Audit Officer, On 30-03-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 08-04-2021) | 1-7-1 |
| 28 | അർഹതയില്ലാത്ത വ്യക്തിക്ക് ആനുകൂല്യം നൽകി- 38200/- | 1-7-2 |

| | | |
|---|---|---|
| | രൂ നഷ്ടം<br>Written By: Sindhu P.S (Audit Officer, On 30-03-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 08-04-2021) | |
| 29 | ക്യാഷ് ബാലൻസ് പരിശോധന<br>Written By: Shalini V K (Senior Grade Auditor, On 30-03-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 08-04-2021) | 1-8 |
| 30 | ആഭ്യന്തരനിയന്ത്രണം<br>Written By: Sindhu P.S (Audit Officer, On 31-03-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 09-04-2021) | 1-9 |
| 31 | പദ്ധതി മോണിറ്ററിംഗ് നടക്കുന്നില്ല<br>Written By: Sindhu P.S (Audit Officer, On 30-03-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 08-04-2021) | 1-10 |
| 32 | തൊഴിൽ നികുതി- അപാകതകൾ<br>Written By: Shalini V K (Senior Grade Auditor, On 29-03-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 08-04-2021) | 1-11 |
| 33 | തൊഴിൽ നികുതി ഈടാക്കിയതിൽ കുറവ്<br>Written By: Shalini V K (Senior Grade Auditor, On 29-03-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 08-04-2021) | 1-11(1) |
| 34 | ബി.എസ്.എൻ.എല്ലിന്റെ സ്ഥാപനികുതി ഈടാക്കിയില്ല<br>Written By: Shalini V K (Senior Grade Auditor, On 29-03-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 08-04-2021) | 1-11(2) |
| 35 | ഡിമാന്റ് രജിസ്റ്റർ പ്രകാരം സ്ഥാപന തൊഴിൽ നികുതി ഡിമാന്റ് ചെയ്തിട്ടുള്ള സ്ഥാപനങ്ങളിൽ നിന്ന് സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല<br>Written By: Shalini V K (Senior Grade Auditor, On 29-03-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 08-04-2021) | 1-11(3) |
| 36 | തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്ററിൽ ഉൾപ്പെട്ടിട്ടുള്ള സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്ന് തൊഴിൽ നികുതി ഈടാക്കിയിട്ടില്ല<br>Written By: Shalini V K (Senior Grade Auditor, On 29-03-2021)<br>Last Updated By: K Sreeja (Deputy Director, On 08-04-2021) | 1-11(4) |
| 37 | രണ്ടാം അർദ്ധവർശത്തിലെ തൊഴിൽ നികുതി രജിസ്റ്റർ, അനുബന്ധ രേഖകൾ എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല<br>Written By: Shalini V K (Senior Grade Auditor, On 29-03-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 09-04-2021) | 1-11(5) |
| 38 | റേഷൻകടകൾ ലൈസൻസ് ഇല്ലാതെയും തൊഴിൽ നികുതി ഒടുക്കാതെയും പ്രവർത്തിക്കുന്നു.<br>Written By: Shalini V K (Senior Grade Auditor, On 29-03-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 09-04-2021) | 1-11(6) |
| 39 | കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.<br>Written By: Shalini V K (Senior Grade Auditor, On 29-03-2021)<br>Last Updated By: K Sreeja (Deputy Director, On 12-04-2021) | 1-11(7) |
| 40 | വസ്തു നികുതി -അപാകതകൾ<br>Written By: Shalini V K (Senior Grade Auditor, On 29-03-2021)<br>Last Updated By: Shalini V K (Senior Grade Auditor, On 30-03-2021) | 1-12 |
| 41 | ഡേറ്റാ പ്യൂരിഫിക്കേഷൻ- ഫോറം 6 ലഭ്യമാക്കിയില്ല<br>Written By: Shalini V K (Senior Grade Auditor, On 29-03-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 08-04-2021) | 1-12(01) |
| 42 | വസ്തുനികുതിനിർണ്ണയം- കൃത്യത നിർണ്ണയിക്കാനായിട്ടില്ല<br>Written By: Shalini V K (Senior Grade Auditor, On 29-03-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 09-04-2021) | 1-12(02) |
| 43 | സ്ഥലപരിശോധനാറിപ്പോർട്ടിനേക്കാൾ കുറവായി പ്ലിന്ത് ഏരിയ സഞ്ചയയിൽ രേഖപ്പെടുത്തി<br>Written By: Shalini V K (Senior Grade Auditor, On 29-03-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 09-04-2021) | 1-12(03) |

| | | |
|---|---|---|
| 44 | വസ്തു നികുതി ഇളവ് നൽകാത്ത കെട്ടിടങ്ങൾക്ക് ഡിമാന്റ് തുക രേഖപ്പെടുത്തിയിട്ടില്ല.<br>Written By: Shalini V K (Senior Grade Auditor, On 29-03-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 09-04-2021) | 1-12(04) |
| 45 | വസ്തു നികുതി - റദ്ദാക്കിയ സാംഖ്യ രസീതുകളിലെ തുകകൾ സഞ്ചയയിൽ വരവായി രേഖപപ്പെടുത്തിയിരിക്കുന്നു<br>Written By: Shalini V K (Senior Grade Auditor, On 29-03-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 09-04-2021) | 1-12(05) |
| 46 | മുൻകാല പ്രബല്യത്തിൽ നികുതി ഒഴിവാക്കി<br>Written By: Shalini V K (Senior Grade Auditor, On 29-03-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 09-04-2021) | 1-12(06) |
| 47 | ഗ്രാമപഞ്ചായത്തിൽ ഒരേ കെട്ടിടത്തിലെ / സമീപകെട്ടിടങ്ങൾക്ക് വ്യത്യസ്ഥ മേഖല<br>Written By: Shalini V K (Senior Grade Auditor, On 29-03-2021)<br>Last Updated By: K Sreeja (Deputy Director, On 12-04-2021) | 1-12(07) |
| 48 | വാർഡ് അടിസ്ഥാനത്തിലുള്ള മാപ്പ് തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല<br>Written By: Shalini V K (Senior Grade Auditor, On 29-03-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 09-04-2021) | 1-12(08) |
| 49 | 60 ച.മീറിൽ കൂടുതൽ വിസ്തീർണ്ണമുള്ള കെട്ടിടങ്ങൾക്കും നികുതി കണക്കാക്കിയിട്ടില്ല<br>Written By: Shalini V K (Senior Grade Auditor, On 29-03-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 09-04-2021) | 1-12(09) |
| 50 | വിമുക്ത ഭടൻമാർക്ക് വസ്തു നികുതി ഒഴിവാക്കന്നതിൽ അപാകത<br>Written By: Shalini V K (Senior Grade Auditor, On 29-03-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 09-04-2021) | 1-12(10) |
| 51 | സേവന ഉപനികുതി ഈടാക്കിയിട്ടില്ല<br>Written By: Shalini V K (Senior Grade Auditor, On 29-03-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 09-04-2021) | 1-12(11) |
| 52 | സഞ്ചയയിലെ കെട്ടിടത്തിന്റെ ഉപയോഗക്രമവും ലൈസൻസ് ചട്ടങ്ങൾ പ്രകാരമുള്ള ഉപയോഗക്രമവും തമ്മിൽ പൊരുത്തപ്പെടുന്നില്ല<br>Written By: Shalini V K (Senior Grade Auditor, On 29-03-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 09-04-2021) | 1-12(12) |
| 53 | ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ്<br>Written By: Shalini V K (Senior Grade Auditor, On 30-03-2021)<br>Last Updated By: Shalini V K (Senior Grade Auditor, On 30-03-2021) | 1-13 |
| 54 | ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് -ലൈസൻസില്ലാതെ വ്യാപാരസ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു<br>Written By: Shalini V K (Senior Grade Auditor, On 30-03-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 09-04-2021) | 1-13(1) |
| 55 | ട്രേഡേഴ്സ് ലിസ്റ്റിൽ ഉൾപ്പെട്ട സ്ഥാപനങ്ങൾ ലൈസൻസില്ലാതെ പ്രവർത്തിക്കുന്നു<br>Written By: Shalini V K (Senior Grade Auditor, On 30-03-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 09-04-2021) | 1-13(2) |
| 56 | ലേലം- അപാകതകൾ<br>Written By: Shalini V K (Senior Grade Auditor, On 30-03-2021)<br>Last Updated By: Shalini V K (Senior Grade Auditor, On 30-03-2021) | 1-14 |

| | | |
|---|---|---|
| 57 | ലേലം- തനത് ഫണ്ടിന് നഷ്ടം<br>Written By: Shalini V K (Senior Grade Auditor, On 30-03-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 09-04-2021) | 1-14(1) |
| 58 | മാർക്കറ്റ് ലേലം-അപാകതകൾ<br>Written By: Shalini V K (Senior Grade Auditor, On 30-03-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 09-04-2021) | 1-14-2 |
| 59 | ഷോപ്പിംഗ് കോംപ്ലക്സ് -വാടക- ഈടാക്കിയിട്ടില്ല<br>Written By: Shalini V K (Senior Grade Auditor, On 30-03-2021)<br>Last Updated By: K Sreeja (Deputy Director, On 11-04-2021) | 1-15 |
| 60 | രജിസ്റ്ററുകളുടെപരിപാലനം -അപാകതകൾ<br>Written By: Shalini V K (Senior Grade Auditor, On 30-03-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 09-04-2021) | 1-16 |
| 61 | വിവരാവകാശം- ചട്ടം പാലിച്ചിട്ടില്ല<br>Written By: Shalini V K (Senior Grade Auditor, On 30-03-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 09-04-2021) | 1-17 |
| 62 | പന്നികൾക്കും പട്ടികൾക്കും ലൈസൻസ്- അപാകതകൾ<br>Written By: Shalini V K (Senior Grade Auditor, On 30-03-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 09-04-2021) | 1-18 |
| 63 | Magrac വാങ്ങൽ- ഇ-വേ ബിൽ നൽകിയിട്ടില്ല.<br>Written By: ASEENA.A.P (Senior Grade Auditor, On 30-03-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 09-04-2021) | 1-19 |
| 64 | ആനപ്പാറ സബ്സെന്റർ,ലൈബ്രറി എന്നിവിടങ്ങളിലേക്ക് ഫർണിച്ചർ വാങ്ങൽ - സ്റ്റോക്ക്, വിതരണ രേഖകൾ ലഭ്യമാക്കിയിട്ടില്ല – 20000/- രൂപ തടസ്സപ്പെടുത്തുന്നു<br>Written By: ASEENA.A.P (Senior Grade Auditor, On 30-03-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 09-04-2021) | 1-20 |
| 65 | കേരള വാട്ടർ അതോറിറ്റിക്ക് ഡെപ്പോസിറ്റ് പ്രവർത്തികൾക്കായി തുക നൽകിയത് - പണി പൂർത്തീകരിച്ച് വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിട്ടില്ല - 544000/-രൂപ തടസ്സപ്പെടുത്തുന്നു.<br>Written By: ASEENA.A.P (Senior Grade Auditor, On 30-03-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 09-04-2021) | 1-21 |
| 66 | വിവിധ പദ്ധതികൾക്കായി കെ എസ് ഇ ബി യിൽ തുക ഡെപ്പോസിറ്റ് ചെയ്തു - വിനിയോഗസാക്ഷ്യപത്രം ലഭ്യമായിട്ടില്ല – 517452/-രൂപ തടസ്സപ്പെടുത്തുന്നു.<br>Written By: ASEENA.A.P (Senior Grade Auditor, On 30-03-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 09-04-2021) | 1-22 |
| 67 | പ്രൊക്യൂർമെന്റ് കമ്മിറ്റി - പ്രവർത്തനത്തിലെ അപാകതകൾ<br>Written By: Sindhu P.S (Audit Officer, On 30-03-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 09-04-2021) | 1-23-1 |
| 68 | CPRCS പോർട്ടൽ വഴി വാങ്ങൽ- കുറവ് മൂല്യമുള്ള സാധനങ്ങൾ ലഭ്യമാക്കി - ബാക്കി തുക തിരിയെ ഈടാക്കിയില്ല – 61061/- രൂപ തടസ്സപ്പെടുത്തുന്നു.<br>Written By: ASEENA.A.P (Senior Grade Auditor, On 30-03-2021)<br>Last Updated By: K Sreeja (Deputy Director, On 12-04-2021) | 1-23-2 |
| 69 | ഏറ്റെടുത്ത സ്പിൽ ഓവർ പദ്ധതികൾ പൂർത്തീകരിക്കരിച്ചിട്ടില്ല.<br>Written By: Suresh Babu B (Senior Grade Auditor, On 30-03-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 09-04-2021) | 1-24 |
| 70 | ഗ്രാമസഭകൾ - ഉത്തരവാദിത്വങ്ങൾ നിറവേറ്റുന്നില്ല<br>Written By: Sindhu P.S (Audit Officer, On 30-03-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 09-04-2021) | 1-25 |
| 71 | ഇ-ടെണ്ടർ ഫാറം വില തിരികെ ലഭിക്കാൻ | 1-26 |

| | | |
|---|---|---|
| | അവശേഷിക്കുന്നു.<br>Written By: Suresh Babu B (Senior Grade Auditor, On 30-03-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 09-04-2021) | |
| 72 | ക്ഷേമ പദ്ധതികളുടെ നടത്തിപ്പിലെ അപാകതകൾ<br>Written By: Sindhu P.S (Audit Officer, On 31-03-2021)<br>Last Updated By: Sindhu P.S (Audit Officer, On 12-04-2021) | 1-27 |
| 73 | റോഡ് കണക്ടിവിറ്റി മാപ്പ് തയ്യാറാക്കിയിട്ടില്ല.<br>Written By: Suresh Babu B (Senior Grade Auditor, On 30-03-2021)<br>Last Updated By: Sindhu P.S (Audit Officer, On 31-03-2021) | 1-28 |
| | **ഭാഗം 2** | |
| | --- No Records Found --- | |
| | **ഭാഗം 3** | |
| | --- No Records Found --- | |
| | **ഭാഗം 4** | |
| 1 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: Sindhu P.S (Audit Officer, On 29-03-2021)<br>Last Updated By: K Sreeja (Deputy Director, On 12-04-2021) | 4-1 |
| 2 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: Sindhu P.S (Audit Officer, On 29-03-2021)<br>Last Updated By: K Sreeja (Deputy Director, On 12-04-2021) | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് (ഉണ്ടെങ്കിൽ)<br>Written By: Sindhu P.S (Audit Officer, On 29-03-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 09-04-2021) | 4.3 |
| 4 | വായ്പ/ വായ്പ തിരിച്ചടവ്<br>Written By: Sindhu P.S (Audit Officer, On 29-03-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 09-04-2021) | 4.4 |
| 5 | സ്ഥിരനിക്ഷേപങ്ങൾ<br>Written By: Sindhu P.S (Audit Officer, On 29-03-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 09-04-2021) | 4.5 |
| 6 | ഓഡിറ്റ് റിക്കവറി<br>Written By: Sindhu P.S (Audit Officer, On 29-03-2021)<br>Last Updated By: K Sreeja (Deputy Director, On 12-04-2021) | 4.6 |
| 7 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.<br>Written By: Sindhu P.S (Audit Officer, On 29-03-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 09-04-2021) | 4.7 |
| 8 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Sindhu P.S (Audit Officer, On 29-03-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 09-04-2021) | 4.8 |
| | **അനുബന്ധം** | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |

# ഭാഗം -1

## 1-1 ബജറ്റ് - നടപടിക്രമങ്ങൾ പാലിച്ചില്ല

സർക്കാർ അതതു സമയങ്ങളിൽ പുറപ്പെടുവിക്കുന്ന നിർദ്ദേശങ്ങൾക്കും നിർണ്ണയിക്കുന്ന ചട്ടങ്ങൾക്കും വിധേയമായി വികസനപദ്ധതികളുടേതുൾപ്പടെ അടുത്ത വർഷത്തേക്ക് ഉണ്ടാകാനിടയുള്ള ചെലവുകളുടെ വിശദമായ എസ്റ്റിമേറ്റ് അടങ്ങുന്ന ബജറ്റ് നിർദ്ദേശങ്ങൾ ഓരോ വർഷവും ജനവരി 15ന മുമ്പായി സെക്രട്ടറിയും അതത് വിഷയങ്ങൾ കൈകാര്യം ചെയ്യുന്ന ഉദ്യോഗസ്ഥരും വിവിധ സ്റ്റാൻഡിംഗ് കമ്മിറ്റികളും ധനകാര്യസ്റ്റാൻഡിംഗ് കമ്മിറ്റിക്ക് നൽകേണ്ടതാണ്. എന്നാൽ എല്ലാ നിർവ്വഹണോദ്യോഗസ്ഥരും സ്റ്റാൻഡിംഗ് കമ്മിറ്റികളും ഈ നിർദ്ദേശം പാലിച്ചിട്ടില്ല.

കേരള പഞ്ചായത്ത് രാജ് 214-ാം വകുപ്പിൽ അനുശാസിക്കുന്ന രീതിയിൽ അപാകതകളില്ലാതെ ബജറ്റ് തയ്യാറാക്കുന്നതിനും യഥാർത്ഥ വരവുചെലവുകൾക്കനുസരിച്ച് ബജറ്റ് പുതുക്കുന്നതിനും ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റിയുടെ പ്രത്യേക ശ്രദ്ധ ഉണ്ടാകേണ്ടതാണ്.

## 1-2 വാർഷിക ധനകാര്യ പത്രിക.

| വാർഷിക ധനകാര്യ പത്രിക ലഭിക്കേണ്ട തീയതി | ലഭിക്കേണ്ട തീയതി വാർഷിക ധനകാര്യ പത്രിക ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 30.07.2020 | 20/06/20 | - | - |

## 1-2-01 ഇൻകം ആൻഡ് എക്സ്പെൻഡിച്ചർ പത്രിക പ്രകാരം സ്ഥാപനം നഷ്ടത്തിൽ പ്രവർത്തിക്കുന്നു.

ഇൻകം ആൻഡ് എക്സ്പെൻഡിച്ചർ ഷെഡ്യൂളിൽ ആകെ വരവിനെക്കാൾ ചെലവ് കൂടി നിൽക്കുന്നു. തൻവർഷ വരവ് 190607232/-രൂപയും ചെലവ് 191310124/-രൂപയും ആണ്. സ്ഥാപനം തൻവർഷം 702892/-രൂപ Deficit ആയി കാണുന്നു.

## 1-2-02 വാർഷിക കണക്കുകൾ പ്രകാരമുള്ള തനത് വരുമാനങ്ങളുടെ ഡി.സി.ബി പരസ്പരം പൊരുത്തപ്പെടുന്നില്ല.

തനത് വരുമാനങ്ങളുടെ ഡി.സി.ബി.പ്രകാരമുള്ള ബാലൻസുകൾ പരസ്പരം പൊരുത്തപ്പെടുന്നില്ല.

| ഇനം | ഡിമാന്റ് (I&E Schedule) | കളക്ഷൻ(മുൻവർഷ ലഭിച്ച അഡ്വാൻസ് ഉൾപ്പെടെ) | ബാലൻസ്(B-15) |
|---|---|---|---|
| വസ്തു നികുതി-പാർപ്പിടം(തൻവർഷം) | 1219421 | 1022007 | 20730 |
| വസ്തു നികുതി-പാർപ്പിട-ഇതരം(തൻവർഷം) | 1906512 | 1271813 | 666435 |
| വസ്തു നികുതി-പാർപ്പിടം(കുടിശ്ശിക) | 608358 | 362107 | 297041 |
| വസ്തു നികുതി-പാർപ്പിട-ഇതരം(കുടിശ്ശിക) | 929961 | 244567 | 307829 |
| തൊഴിൽ നികുതി-എംപ്ലോയീസ് | 2671470 | 2632770 | Nil |

## 1-2-03 തൊഴിൽ നികുതി ഡിമാന്റ് ചെയ്യുന്നതിൽ വ്യക്തതയില്ല.

വാർഷിക ധനകാര്യ പത്രിക പ്രകാരം തൊഴിൽ നികുതി-എംപ്ലോയീസ് ഇനത്തിൽ 2671470/- രൂപ ഡിമാന്റ് ചെയ്തിട്ടുണ്ട്. എന്നാൽ 2632770/- രൂപ മാത്രമെ ഈയിനത്തിൽ വരവുള്ളൂ. പിരിഞ്ഞുകിട്ടാൻ ബാക്കിയുള്ള തുകയെക്കുറിച്ച് വ്യക്തതയില്ല. തൊഴിൽ നികുതി-എംപ്ലോയീസ് രജിസ്റ്റർ പ്രകാരം അബ്സ്ട്രാക്റ്റ്, ഡി.സി.ബി എന്നിവ തയ്യാറാക്കിയിട്ടില്ല.

## 1-2-04 ബാങ്കിൽ ഹാജരാക്കാത്ത ചെക്കുകൾ ക്രമീകരിച്ചിട്ടില്ല

ഗ്രാമപഞ്ചായത്ത് ഇഷ്യൂ ചെയ്ത ചുവടെ പറയുന്ന ചെക്ക് 31/03/2020 വരെ ബാങ്കിൽ ഹാജരാക്കിയിട്ടില്ല. എന്നാൽ ഇത്

ക്രമീകരിച്ചതുമായി ബന്ധപ്പെട്ട വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല. ആയത് ക്രമീകരിക്കാൻ വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്.

| വൗച്ചർ നം | ചെക്ക് നം | തുക | ബാങ്ക് |
|---|---|---|---|
| 21900244 Dtd 3/6/19 | 11298 Dtd 3/6/19 | 805/- | Vithura Service Co-Operative Bank A/C No 800 |

## 1-2-05 അഡ്വാൻസ് അഡ്ജസ്റ്റ് മെന്റ് വിവരങ്ങൾ ലഭ്യമാക്കാൻ അവശേഷിക്കുന്നു.

വാർഷിക ധനകാര്യപത്രിക പ്രകാരം Advance To Implementing Officers ഇനത്തിൽ 12500/-രൂപ ലഭിക്കാനുണ്ടായിരുന്നു. തൻവർഷ വാർഷിക ധനകാര്യപത്രിക പ്രകാരം 50000/-രൂപ അഡ്വാൻസ് നൽകിയിട്ടുണ്ട്. ആകെ 62500/- രൂപയിൽ തൻവർഷം ബാലൻസ് ഇല്ല. അഡ്വാൻസ് അഡ്ജസ്റ്റ് ചെയ്ത വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല.

## 1-2-06 ബാങ്കിൽ നേരിട്ട് ക്രെഡിറ്റ് ചെയ്ത ചെക്ക് ക്രമീകരിച്ചിട്ടില്ല.

ചുവടെ പറയുന്ന ചെക്ക് പ്രകാരം ബാങ്കിൽ നേരിട്ട് വരവ് വന്നതായി കാണുന്നു. ആയവ ക്രമീകരിച്ചതുമായി ബന്ധപ്പെട്ട വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല.

| തീയതി | തുക | ബാങ്ക് |
|---|---|---|
| 31/08/2019 | 7640/- | Indian Bank A/C No.6793413262 |

## 1-2-07 വസ്തുനികുതിയുടെ(പാർപ്പിടം) ഡി.സി.ബി.വാർഷിക ധനകാര്യപത്രികപ്രകാരവും സഞ്ചയപത്രിക പ്രകാരവും പരസ്പരം പൊരുത്തപ്പെടുന്നില്ല

വസ്തുനികുതിയുടെ ഡിമാന്റ്,കളക്ഷൻ,ബാലൻസ് എന്നിവയുടെ വാർഷിക ധനകാര്യപത്രികപ്രകാരമുള്ള കണക്കുകളും സഞ്ചയപത്രിക പ്രകാരമുള്ള കണക്കുകളും പരസ്പരം പൊരുത്തപ്പെടുന്നില്ല.

| ഇനം | എ.എഫ്.എസ്/ സഞ്ചയ | ഡിമാന്റ് | കളക്ഷൻ | ബാലൻസ് |
|---|---|---|---|---|
| വസ്തു നികുതി-പാർപ്പിടം(തൻവർഷം) | എ.എഫ്.എസ് | 1219421 | 1022007 | 20730 |
| | സഞ്ചയ | 1300334 | 950261 | 327081 |
| വസ്തു നികുതി-പാർപ്പിടം(കുടിശ്ശിക) | എ.എഫ്.എസ് | 608358 | 362107 | 297041 |
| | സഞ്ചയ | 682435 | 337167 | 346097 |

## 1-2-08 വസ്തുനികുതിയുടെ (പാർപ്പിട-ഇതരം)ഡി.സി.ബി.വാർഷിക ധനകാര്യപത്രികപ്രകാരവും സഞ്ചയപത്രിക പ്രകാരവും പരസ്പരം പൊരുത്തപ്പെടുന്നില്ല

വസ്തുനികുതിയുടെ ഡിമാന്റ്, കളക്ഷൻ, ബാലൻസ് എന്നിവയുടെ വാർഷിക ധനകാര്യ പത്രികപ്രകാരമുള്ള കണക്കുകളും സഞ്ചയപത്രിക പ്രകാരമുള്ള കണക്കുകളും പരസ്പരം പൊരുത്തപ്പെടുന്നില്ല.

| ഇനം | എ.എഫ്.എസ്/ സഞ്ചയ | ഡിമാന്റ് | കളക്ഷൻ | ബാലൻസ് |
|---|---|---|---|---|
| വസ്തു നികുതി - പാർപ്പിട - ഇതരം (തൻവർഷം) | എ.എഫ്.എസ് | 1906512 | 1271813 | 666435 |
| | സഞ്ചയ | 1984114 | 1482742 | 474165 |
| വസ്തു നികുതി-പാർപ്പിടം ഇതരം (കുടിശ്ശിക) | എ.എഫ്.എസ് | 929961 | 929961 | 244567 |
| | സഞ്ചയ | 563630 | 301930 | 263067 |

## 1-2-09 ലൈബ്രറി സെസ് അടവ് വിവരങ്ങൾ ലഭ്യമാക്കേണ്ടതാണ്.

2019-20 ബാലൻസ് ഷീറ്റ് B-9 Schedule പ്രകാരം ലൈബ്രറി സെസ് ഹെഡിൽ 240744/- രൂപ പ്രൊവിഷൻ ചെയ്തിരിക്കുന്നു. 2018-19 ൽ ഈയിനത്തിൽ 662116/- രൂപയും പ്രൊവിഷൻ ചെയ്തിരുന്നു. തൻവർഷം ഈയിനത്തിൽ 147325/- രൂപ വരവായും 568697/-രൂപ ചെലവായും ചേർത്തിരിക്കുന്നു. 11/12/19 ൽ ഈയിനത്തിൽ 465336/- രൂപയും, 17/09/20 ൽ ഈയിനത്തിൽ 95721/- രൂപയും (ആകെ - 561057) ഒടുക്കു വരുത്തിയതായി മറുപടി നൽകി. എന്നാൽ ഇവ പൊരുത്തപ്പെടുന്നില്ല. പ്രസ്തുത വിവരങ്ങൾ പൊരുത്തപ്പെടുത്തി വിവരങ്ങൾ ക്രമീകരിച്ച് അറിയിക്കേണ്ടതാണ്.

## 1-2-10 ഡെപ്പോസിറ്റ് പ്രവൃത്തികൾ കേരളാ വാട്ടർ അതോരിറ്റിയിൽനിന്നുള്ള വിനിയോഗസാക്ഷ്യ പത്രം ലഭ്യമാക്കിയില്ല.

ബാലൻസ് ഷീറ്റ് B-18 Schedule ലെ Loans, Advances And Deposits ഇനങ്ങളിൽ കേരളാ വാട്ടർ അതോരിറ്റിയിൽ നിന്നും 2018-19 അവസാനം 1557000/-രൂപയുടെ വിനിയോഗ സാക്ഷ്യപത്രം ലഭിക്കാനുണ്ടായിരുന്നു. 2019-20 ൽ 544000/-രൂപ വാട്ടർ അതോരിറ്റിയിൽ ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ട്. B-18 Schedule പ്രകാരം ഇനി 544000/-രൂപയ്ക്കു മാത്രമെ വിനിയോഗ സാക്ഷ്യപത്രം ലഭിക്കാനുള്ളൂ. 1557000/-രൂപ വാർഷിക ധനകാര്യപത്രികയിൽ നിന്നും ഒഴിവാക്കിയതിന്റെ വിനിയോഗ സാക്ഷ്യപത്രം ഓഡിറ്റിന് പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. ഈ വിവരം ശ്രദ്ധയിൽപ്പെടുത്തി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടിയായി 380225/-രൂപയുടെ വിനിയോഗം സംബന്ധിക്കുന്ന വിവരം ലഭ്യമാക്കി. 2018-19-ലെ 1176775/-രൂപയുടെ വിനിയോഗം ഇനിയും പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

## 1-2-11 കെ.എസ്.ഇ.ബി.യിലെ ഡെപ്പോസിറ്റ് പ്രവൃത്തികൾ -വിനിയോഗത്തിൽ അവ്യക്തത

വാർഷിക ധനകാര്യപത്രിക പ്രകാരം കെ.എസ്.ഇ.ബി.യിൽ ഡെപ്പോസിറ്റ് ചെയ്തതായും ധനവിനിയോഗ സാക്ഷ്യപത്രം ലഭ്യമാകാനുള്ളതായും കാണുന്ന തുക 435725/-രൂപയാണ്. എന്നാൽ തൻവർഷം സെക്രട്ടറി നിർവഹണം നടത്തിയ ചുവടെ പറയുന്ന ഡെപ്പോസിറ്റ് വർക്കുകൾക്കായി ആകെ14,79,362 രൂപകെ.എസ്.ഇ.ബിക്ക് നല്കിയിട്ടുണ്ട്

| പദ്ധതി നം | പേര് | ചെലവ് തുക |
|---|---|---|
| 036/20 | സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷൻ | 1197325/- |
| 253/20 | ഇലക്ട്രിക്ക് പോസ്റ്റ് മാറ്റി സ്ഥാപിക്കൽ | 44037/- |
| 288/20 | ഇലക്ട്രിക്ക് പോസ്റ്റ് മാറ്റി സ്ഥാപിക്കൽ | 238000/- |

2019-20 ൽ തുക നൽകിയ പ്രസ്തുത പ്രവൃത്തികൾക്ക് ധനവിനിയോഗ സാക്ഷ്യപത്രം ലഭ്യമായതായി വ്യക്തമല്ല.വിനിയോഗ സാക്ഷ്യപത്രം സംബന്ധിച്ച് നൽകിയ എൻക്വയറിക്ക് മറുപടിയായി പെരിങ്ങമ്മല ഇലക്ട്രിക്കൽ സെക്ഷനിൽ നിന്നും പള്ളിപ്പുറക്കരിക്കകം സ്ട്രീറ്റ് മെയിൻ എക്സ്റ്റൻഷൻ പദ്ധതിക്കായി ചെലവഴിച്ച 99907/-രൂപയുടെ വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കി.എന്നാൽ ഈ തുക ഏത് സാമ്പത്തിക വർഷം ഡെപ്പോസിറ്റു ചെയ്തുവെന്നതിനെ സംബന്ധിക്കുന്ന വിവരങ്ങൾ ലഭ്യമാക്കിയില്ല. ഈ വിഷയത്തിൽ അടിയന്തിരമായി തുടർനടപടികൾ സ്വീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

## 1-2-12 വസ്തുനികുതി (പാർപ്പിട ഇതരം )ഡിമാന്റിൽ നിന്നും ഒഴിവാക്കിയതിന്റെ കമ്മിറ്റി തീരുമാനം ലഭ്യമാക്കിയില്ല.

വാർഷിക ധനകാര്യപത്രിക പ്രകാരം I-18 Schedule ൽ Prior Period Income Property Tax On Non-Residential Building ഇനത്തിൽ 347940/-രൂപ Positive Figure കാണുന്നു.ടിതുക ഡിമാന്റിൽ നിന്നും ഒഴിവാക്കിയത് സംബന്ധിച്ച തീരുമാനം,വിശദീകരണം എന്നിവ ലഭ്യമാക്കിയില്ല. ഇവ ലഭ്യമാക്കാൻ ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി നൽകിയപ്പോൾ പ്യൂരിഫിക്കേഷൻ ഇനത്തിൽ കുറവ് വന്ന തുകയാണിതെന്നാണ് മറുപടി ലഭ്യമാക്കിയത്.

## 1-2-13 പല കാരണങ്ങളാൽ സാംഖ്യ രസീതുകൾ ക്യാൻസൽ ചെയ്യുന്നു.

പല കാരണങ്ങളാൽ സാംഖ്യ രസീതുകൾ ക്യാൻസൽ ചെയ്തു കാണുന്നു. എന്നാൽ ക്യാൻസൽ ചെയ്ത രതീതുകളുടെ കൗണ്ടർ ഫോയിൽ സൂക്ഷിച്ചിട്ടുണ്ട്. 01/04/2019 മുതൽ 31/03/2020 വരെ 78 രസീതുകൾ ക്യാൻസൽ ചെയ്തിട്ടുണ്ട്. 33743/-രൂപയുടെ രസീതുകളാണ് ഇക്കാലയളവിൽ റദ്ദാക്കപ്പെട്ടിരിക്കുന്നത്. ഈ പ്രവണത നിരുത്സാഹപ്പെടുത്തേണ്ടതാണ്.

## 1-2-14 തനത് വരുമാനങ്ങളുടെ ഡി.സി.ബി.രജിസ്റ്ററുകളിൽ വേണ്ടത്ര രേഖപ്പെടുത്തലുകൾ ഇല്ല.

അക്രൂവൽ അടിസ്ഥാനത്തിൽ വരവുള്ള ഇനങ്ങളുടെ രജിസ്റ്ററുകളിൽ ആയതുമായി ബന്ധപ്പെട്ട ഇനങ്ങളുടെ ഡിമാന്റ്,

കളക്ഷൻ,ബാലൻസ് എന്നിവയുടെ അബ്സ്ട്രാക്ട് എഴുതി തയ്യാറാക്കിയിട്ടില്ല. കൂടാതെ അക്രൂവൽ അടിസ്ഥാനത്തിൽ അല്ലാതെ വരവുള്ള ഇനങ്ങളുടെയും അബ്സ്ട്രാക്ട് എഴുതി തയ്യാറാക്കിയിട്ടില്ല. വാർഷിക ധനകാര്യപത്രികയിൽ ചേർത്തിരിക്കുന്ന ഓരോ ഇനങ്ങളുടെയും ഡി.സി.ബി.സംബന്ധിച്ച വിവരം അതത് രജിസ്റ്ററുകളിൽ നിന്നും ലഭ്യമല്ല. ആയതിനാൽ ചുവടെ പറയുന്ന രജിസ്റ്ററുകളിലെ വിവരങ്ങൾ ഓഡിറ്റിന് ആധികാരികമായി ആശ്രയിക്കാൻ സാധിക്കുന്നില്ല.

1. D&O Licence Register

2. Register Of Rent From Auditoriums And Hall

3. Auction Register.

4. Register Of Usufructs Of Trees

5. Register Of Professional Tax Of Employees

6. Register Of Institutional Professional Tax.

## 1-3- സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 22301374 |
| ഓഡിറ്റ് വർഷത്തെ വരവ് | 128260966 |
| ആകെ | 150562340 |
| ഓഡിറ്റ് വർഷത്തെ ചെലവ് | 120404846 |
| നീക്കിയിരിപ്പ് | 30147494 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 1142563 |

## 1-4 ഗ്രാന്റ് വിനിയോഗം

ഗ്രാമപഞ്ചായത്തിലെ ഗ്രാന്റ് വിനിയോഗ വിവരങ്ങൾ താഴെ ചേർക്കുന്നു.

| ഗ്രാന്റ് | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ്/ ലാപ്സായ തുക |
|---|---|---|---|---|---|
| വികസനഫണ്ട്-ജനറൽ | 0 | 29974000 | 29974000 | 20803195 | 9170805 |
| വികസനഫണ്ട്-എസ്.സി.പി | 0 | 7228000 | 7228000 | 2772360 | 4455640 |
| വികസനഫണ്ട്-ടി.എസ്.പി | 0 | 8310000 | 8310000 | 3932939 | 4377061 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 0 | 20149000 | 20149000 | 9498913 | 10650087 |
| മെയിന്റനൻസ് ഗ്രാന്റ് (റോഡ്) | 0 | 18494000 | 18494000 | 6260331 | 12233669 |
| മെയിന്റനൻസ് ഗ്രാന്റ് (റോഡിതരം) | 0 | 7308000 | 7308000 | 3748122 | 3559878 |

മറ്റ് ഗ്രാന്റുകൾ ഇനം തിരിച്ച്

| ഗ്രാന്റ് | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ബ്ലോക്ക് വിഹിതം | 1657126 | 2442852 | 4099978 | 879500 | 3220478 |
| ജില്ലാ വിഹിതം | 205521 | 349677 | 555198 | 335016 | 220182 |
| എം.എൻ.ആർ.ജി.എ | 6305 | 1786275 | 1792580 | 1792153 | 427 |

| | | | | | |
|---|---|---|---|---|---|
| ഐ.സി.ഡി.എസ്സ്. | 9266438 | 1142194 | 2068632 | 1000000 | 1068632 |
| ലിറ്ററസി സ്കീം ഗ്രാന്റ് | 2979 | 0 | 2979 | 112 | 2867 |
| സുചിത്വ മിഷൻ ഗ്രാന്റ് | 5154663 | 1387894 | 6542557 | 0 | 6542557 |
| എസ്.റ്റി. | 1075998 | 0 | 1075998 | 0 | 1075998 |
| ഐ.റ്റി.ഡി.പി. | 228985 | 0 | 228985 | 0 | 228985 |

ഗ്രാമപഞ്ചായത്തിന്റെ ഗ്രാന്റ് വിനിയോഗവുമായി ബന്ധപ്പെട്ട പരാമർശങ്ങൾ ചുവടെ ചേർക്കുന്നു.

## 1-4-1 ബാലൻസ് ഷീറ്റ് പ്രകാരം ചെലവഴിക്കാൻ തുക ബാക്കിനിൽക്കുന്നു.

ബാലൻസ് ഷീറ്റ് പ്രകാരം( B4)ചുവടെ പറയുന്ന ഇനങ്ങളിൽ ചെലവഴിക്കാൻ തുക ബാക്കിനിൽക്കുന്നു.

| ഹെഡ് | തുക |
|---|---|
| 320100121 | 1068632 |
| 320100204 | 395718 |
| 320200214 | 1075998 |
| 320200322 | 6542557 |
| 320300199 | 332700 |
| 320400199 | 1680000 |
| 320500101 | 60500 |
| 320800199 | 228985 |

ഈ ഇനങ്ങൾക്ക് പ്രത്യേക എ.സി.ആർ.തയ്യാറാക്കിയിട്ടില്ല. ചെലവഴിക്കാൻ ബാക്കിനിൽക്കുന്ന തുക നൽകിയ ഏജൻസികൾക്ക് തിരികെ നൽകാൻ വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-4-2 ബ്ലോക്ക് വിഹിതത്തിൽ ചെലവഴിക്കാൻ തുക ബാക്കിനിൽക്കുന്നു.

B-4ഷെഡ്യൂളിൽ ബ്ലോക്ക് വിഹിത ഇനത്തിൽ ചെലവഴിക്കാൻ തുക ബാക്കിനിൽക്കുന്നു.

| ഹെഡ് | വിഹിത ഇനം | തുക |
|---|---|---|
| 320700204 | ബ്ലോക്ക് വിഹിതം | 3220478 |

ബ്ലോക്ക് വിഹിത ഇനങ്ങളിൽ വിവിധ പദ്ധതികൾക്കായി ചെലവഴിക്കാൻ തുക ബാക്കിനിൽക്കുന്ന തുക തിരിച്ചടയ്ക്കാൻ വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-4-3 ജില്ലാ വിഹിതങ്ങളിൽ ചെലവഴിക്കാൻ തുക ബാക്കിനിൽക്കുന്നു.

B-4 ഷെഡ്യൂളിൽ ബ്ലോക്ക്, ജില്ലാ വിഹിത ഇനങ്ങളിൽ ചെലവഴിക്കാൻ തുക ബാക്കിനിൽക്കുന്നു.

| ഹെഡ് | വിഹിത ഇനം | തുക |
|---|---|---|
| 320700205 | ജില്ലാ വിഹിതം | 220182 |

ജില്ലാ വിഹിത ഇനങ്ങളിൽ വിവിധ പദ്ധതികൾക്കായി ചെലവഴിക്കാൻ തുക ബാക്കി നിൽക്കുന്ന തുക തിരിച്ചടയ്ക്കാൻ വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്.

### 1-4-4 എസ്.സി.പി.വിഹിതം പശ്ചാത്തല മേഖലയ്ക്ക് അധിക തുക വകയിരുത്തി.

സർക്കാർ ഉത്തരവ് (കൈ)11/2018ത.സ്വ.ഭ.വ തീയതി.29.01.2018ഖണ്ഡിക 5.4.1.(8) പ്രകാരം വികസന ഫണ്ട് എസ്.സി.പി.വിഹിതത്തിന്റെ 30% ൽ അധികം തുക പശ്ചാത്തല മേഖലയ്ക്ക് വകയിരുത്തുവാൻ പാടുള്ളതല്ല. ടി ഇനത്തിലെ ആകെ വരവ് 7228000/- ആണ്. ആകെ 2168400/-വകയിരുത്തേണ്ട സ്ഥാനത്ത് 2664186/- രൂപ വകയിരുത്തിയതായി കാണുന്നു.

### 1-4-5 ടി.എസ്..പി.വിഹിതം പശ്ചാത്തല മേഘലയ്ക്ക് അധിക തുക വകയിരുത്തി.

സർക്കാർ ഉത്തരവ് (കൈ)11/2018ത.സ്വ.ഭ.വ തീയതി.29.01.2018ഖണ്ഡിക 5.4.1.(9) പ്രകാരം വികസന ഫണ്ട് ടി.എസ്..പി.വിഹിതത്തിന്റെ 30% ൽ അധികം തുക പശ്ചാത്തല മേഘലയ്ക്ക് വകയിരുത്തുവാൻ പാടുള്ളതല്ല. ടി ഇനത്തിലെ ആകെ വരവ് 8310000/- ആണ്. ആകെ 2493000/-വകയിരുത്തേണ്ട സ്ഥാനത്ത് 3289000/- രൂപ വകയിരുത്തിയതായി കാണുന്നു.

### 1-4-6 വിവിധ ഗ്രാന്റ് ചെലവുകൾ എ.എഫ്.എസ് ,എ.സി.ആർ,ഗ്രാന്റ് വിനിയോഗ സാക്ഷ്യപത്രം എന്നിവയിൽ വ്യത്യാസപ്പെട്ടിരിക്കുന്നു.

വിവിധ ഗ്രാന്റ് ചെലവുകൾ എ.എഫ്.എസ്, എ.സി.ആർ, ഗ്രാന്റ് വിനിയോഗ സാക്ഷ്യപത്രം എന്നിവയിൽ വ്യത്യാസപ്പെട്ടിരിക്കുന്നു.

| ഫണ്ട് ഇനം | ചെലവ് | | |
|---|---|---|---|
| | എ.സി.ആർ പ്രകാരം | എ.എഫ്.എസ് പ്രകാരം | ഗ്രാന്റ് വിനിയോഗ സാക്ഷ്യപത്രം പ്രകാരം |
| വികസനഫണ്ട്-ജനറൽ | 20803195 | 20803195 | 25525895 |
| വികസനഫണ്ട്-എസ്.സി.പി | 2772360 | 2772360 | 3184125 |
| വികസനഫണ്ട്-ടി.എസ്.പി | 3932939 | 3932939 | 4800586 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 9498913 | 9498913 | 9498913 |

### 1-5 പദ്ധതി അവലോകനം.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 280 | 129991216 | 168 | 69151349 | 52 | 62 | 53.2 |

### 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണച്ചെലവുകൾ | 6305 | 1782429 | 1788134 | 1788307 | 427 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | - | 69783000 | 69783000 | 69783000 | - |
| [illegible] | [illegible] | [illegible] | [illegible] | [illegible] | [illegible] |

| | | | | | |
|---|---|---|---|---|---|
| ആകെ | 6305 | 71565429 | 71571734 | 71571307 | 427 |

V

## 1-7-1 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമ പദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽ രഹിത വേതനം | 314160 | |
| കർഷകതൊഴിലാളി പെൻഷൻ | 2668800 | 932 |
| വിധവാ പെൻഷൻ | 9324600 | 3141 |
| വാർദ്ധക്യകാലപെൻഷൻ | 14612700 | 4879 |
| വികലാംഗ പെൻഷൻ | 1788300 | 602 |
| വിവാഹധനസഹായം | 120000 | |
| അവിവാഹിതരായ സ്ത്രീകൾക്കുള്ളപെൻഷൻ | 362400 | 122 |

## 1-7-2 അർഹതയില്ലാത്ത വ്യക്തിക്ക് ആനുകൂല്യം നൽകി- 38200/- രൂ നഷ്ടം

തദ്ദേശസ്വയംഭരണ (ഡി.സി) വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ 24.07.2018ലെ ഡി.സി 3/154/2019/ത.സ്വ.ഭവ കത്തു പ്രകാരം ശ്രീമതി ലിഷ. ആർ എന്ന ഗുണഭോക്താവ് അനധികൃതമായി വിധവാപെൻഷൻ കൈപ്പറ്റുന്നതായും ഭർത്താവ് മരണപ്പെടുകയോ 7 വർഷത്തിലധികമായി കാണാതാവുകയോ ചെയ്യുന്ന വ്യക്തിയ്ക്ക് വിധവാ പെൻഷൻ അനുവദിച്ച വിളുര പഞ്ചായത്ത് കമ്മിറ്റിയുടെ തീരുമാനവും 2016ൽ പെൻഷൻ അനുവദിച്ച് പെൻഷൻ വിതരണം ചെയ്ത അന്നത്തെ പഞ്ചായത്ത് സെക്രട്ടറിയുടെ നടപടിയും ചട്ടവിരുദ്ധമാണെന്നും ശ്രീമതി ലിഷയ്ക്ക് അനധികൃതമായി അനുവദിച്ച പെൻഷൻ ഉദ്യോഗസ്ഥരിൽ നിന്നും പഞ്ചായത്ത് കമ്മിറ്റിയിൽ നിന്നും ഈടാക്കാൻ നിർദ്ദേശിച്ചിട്ടുണ്ട്. ശ്രീ. ജി . ഗിരീഷ് കുമാർ എന്ന വ്യക്തിയ്ക്ക് ഫയൽ നം. എ3-11796/19/19.12.2019ൽ നൽകിയ വിവരാവകാശത്തിനുള്ള മറുപടിയിൽ ശ്രീമതി ലിഷ.വി.ആർ 2017 മേയ് മാസം മുതൽ വിധവാപെൻഷൻ കൈപ്പറ്റിയിട്ടുണ്ടെന്നും 2019 ഓഗസ്റ്റ് മാസത്തിലാണ് ആയത് നിർത്തലാക്കിയതെന്നും ആകെ 38200/- രൂപ ഈ കാലയളവിൽ കൈപ്പറ്റിയിട്ടുണ്ടെന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്. തുടർനടപടികൾ ആരാഞ്ഞുകൊണ്ട് നൽകിയ എൻക്വയറിക്ക് തുക തിരികെ ഈടാക്കാൻ റവന്യൂ റിക്കവറി നടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. തുടർനടപടികൾ ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-8 ക്യാഷ് ബാലൻസ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ളക്യാഷ് ബാലൻസ് പരിശോധന 23.03.2021, 10 A.Mന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 103509/-രൂപയുടെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തരനിയന്ത്രണം

നികുതി/നികുതിയേതര വരിമാനങ്ങൾ വർദ്ധിക്കേണ്ടത് പഞ്ചായത്തിന്റെ പുരോഗതിക്ക് അത്യാവശ്യമാണ്. ട്രേഡേഴ്സ് രജിസ്റ്റർ സ്ഥാപനത്തിൽ സൂക്ഷിച്ചിട്ടില്ല. വരവുചെലവു കണക്കുകൾ ബജറ്റിന്റെ അടിസ്ഥാനത്തിൽ മോണിട്ടർ ചെയ്യുന്നില്ല. പുതിയ നികുതി നിർദ്ദേശങ്ങളൊന്നും ധകാര്യസ്റ്റാന്റിംഗ് കമ്മിറ്റിയിൽ ഉയർന്നുവന്നിട്ടില്ല.

പഞ്ചായത്തിൽ ഒരു പ്രൊക്യൂർമെന്റ് കമ്മിറ്റി രൂപീകരിച്ചിട്ടുണ്ടെങ്കിലും ആയതിന്റെ ചുമതലകളൊന്നും നിർവ്വഹിക്കപ്പെടുന്നില്ല. സാധനങ്ങൾ വാങ്ങുന്നതിനു മുൻപ് സാമ്പിളുകൾ ഹാജരാക്കാനാവശ്യപ്പെടുന്നുണ്ടെങ്കിലും അവ കമ്മിറ്റി പരിശോധിച്ചുകാണുന്നില്ല. വാങ്ങുന്ന സാധനങ്ങളുടെ ഗുണനിലവാരവും പരിശോധിക്കപ്പെടുന്നില്ല.

വിവിധ വർക്കിംഗ് ഗ്രൂപ്പുകളുടെ പ്രവർത്തനവും കാര്യക്ഷമമല്ല. പദ്ധതി രൂപികരണത്തിലോ നിർവ്വഹണത്തിലോ വർക്കിംഗ് ഗ്രൂപ്പുകൾ ഒരു പങ്കം വഹിക്കുന്നില്ല. പദ്ധതികളുടെ മോണിറ്ററിംഗ് 2019-20 വർഷത്തിൽ നടത്തിയിട്ടില്ല.

പഞ്ചായത്തിൽ നിയമപ്രകാരം സൂക്ഷിക്കേണ്ട രജിസ്റ്ററുകളൊന്നും മേലുദ്യോഗസ്ഥർ പരിശോധിച്ച് സാക്ഷ്യപ്പെടുത്തുന്നില്ല. സ്റ്റോക്ക് രജിസ്റ്ററുകളിൽ വിതരണവിവരങ്ങളൊന്നും ഉൾപ്പെടുത്തിക്കാണുന്നില്ല.

വിവിധ ഫണ്ടുകളുടെ വിന്യാസം, ലഭ്യത എന്നിവ കണക്കിലെടുത്തുകൊണ്ട് പദ്ധതി രൂപീകരണത്തിൽ ഭരണ-ഉദ്യോഗസ്ഥതലങ്ങളിൽ കൂടുതൽ ശ്രദ്ധ നൽകേണ്ടതുണ്ട്.

## 1-10 പദ്ധതി മോണിറ്ററിംഗ് നടക്കുന്നില്ല

സ.ഉ(കൈ) നം 11/2018/ത.സ്വ.ഭ.വ തീ 29.01.18 ഖണ്ഡിക 13.1ലെ നിർദ്ദേശപ്രകാരം പദ്ധതിരൂപീകരണശേഷം വർക്കിംഗ് ഗ്രൂപ്പ് മോണിറ്ററിംഗ് സമിതിയായി രൂപപ്പെട്ട് പദ്ധതികളുടെ മോണിറ്ററിംഗ് നടത്തി റിപ്പോർട്ട് ഭരണസമിതിക്ക് സമർപ്പിക്കേണ്ടതാണ്. എന്നാൽ ബന്ധപ്പെട്ട മിനട്സ് പരിശോധനയിൽ പഞ്ചായത്തിലെ വർക്കിംഗ് ഗ്രൂപ്പുകൾ ഇക്കാര്യത്തിൽ വേണ്ട ശ്രദ്ധ ചെലുത്തിയിട്ടില്ലെന്ന് കാണുന്നു. ഒരു മോണിറ്ററിംഗ് സമിതി പോലും ഓഡിറ്റ് കാലയളവിൽ രൂപീകരിച്ചിട്ടില്ല. പദ്ധതി നിർദ്ദേശങ്ങൾ സമർപ്പിക്കുക എന്നതു മാത്രമാണ് വർക്കിംഗ് ഗ്രൂപ്പുകൾ നിർവ്വഹിച്ചിട്ടുള്ള ചുമതല.

മോണിറ്ററിംഗ് കാര്യക്ഷമമായി നടത്തി പദ്ധതികൾ ലക്ഷ്യം കൈവരിക്കുന്നു എന്നുറപ്പാക്കുന്നതിലേക്ക് അധികാരികളുടെ ശ്രദ്ധ ക്ഷണിക്കുന്നു.

## 1-11 തൊഴിൽ നികുതി- അപാകതകൾ

തൊഴിൽ നികുതി ഈടാക്കിയതിൽ താഴെപ്പറയുന്ന അപാകതകൾ കാണുന്നു.

## 1-11(1) തൊഴിൽ നികുതി ഈടാക്കിയതിൽ കുറവ്

1996-ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി ചട്ടങ്ങൾ) ചട്ടം 3 ന് ആനുപാതികമായി താഴെപ്പറയുന്ന ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

| സ്ഥാപനം | ഉദ്യോഗസ്ഥന്റെ പേര് | അർദ്ധ വർഷം | തൊഴിൽ നികുതിയ്ക്ക്കണക്കാക്കാവുന്ന വരുമാനം | ഈടാക്കിയത് | ഈടാക്കേണ്ടത് | കുറവ് |
|---|---|---|---|---|---|---|
| മുത്തൂറ്റ് മിനി ഫിനാൻസ് ലിമിറ്റഡ് | സന്തോഷ് സി.ഒ | ആദ്യ അർദ്ധ വർഷം | 75000 | 600 | 750 | 150 |
| വിതുര ഗ്രാമപഞ്ചായത്ത് | ഒ.വി ജ്യോതിലക്ഷ്മി. PTNST | ആദ്യ അർദ്ധ വർഷം | 111281 | 750 | 1000 | 250 |

ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നം.5 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. തൊഴിൽ നികുതി ഈടാക്കിയതിൽ കുറവ് വന്ന തുക ജീവനക്കാരിൽ നിന്നുംഈടാക്കി റിപ്പോർട്ട് ചെയ്യേണ്ടതാണ്.

## 1-11(2) ബി.എസ്.എൻ.എല്ലിന്റെ സ്ഥാപനികുതി ഈടാക്കിയില്ല

ഗ്രാമപഞ്ചായത്ത് പരിധിക്കുള്ളിൽ പ്രവർത്തിക്കുന്ന ബി.എസ്.എൻ.എൽ ഓഫീസിൽ നിന്നും 2019-20 വർഷത്തിൽ സ്ഥാപന തൊഴിൽനികുതി ഈടാക്കിയിട്ടില്ല. ഡബ്ല്യൂ.പി.സി 16670/06നം കേസിന്റെ അന്തിമ വിധിയിൽ സ്ഥാപനതൊഴിൽ നികുതി ഈടാക്കുന്നതിൽ നിന്നും ബി.എസ്.എൻ.എൽ സ്ഥാപനങ്ങളെ ഒഴിവാക്കണമെന്ന വാദം ബഹു.കേരള ഹൈക്കോടതി തള്ളിയ സാഹചര്യത്തിൽ ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന ബി.എസ്.എൻ.എൽ സ്ഥാപനങ്ങളിൽ നിന്നും സ്ഥാപന തൊഴിൽ നികുതി ഈടാക്കാത്തത് ശരിയായനടപടിയല്ല. ബി.എസ്.എൻ.എല്ലിൽ നിന്നും സ്ഥാപന തൊഴിൽ നികുതി ഈടാക്കി റിപ്പോർട്ട് ചെയ്യേണ്ടതാണ്.

## 1-11(3) ഡിമാന്റ് രജിസ്റ്റർ പ്രകാരം സ്ഥാപന തൊഴിൽ നികുതി ഡിമാന്റ് ചെയ്തിട്ടുള്ള സ്ഥാപനങ്ങളിൽ നിന്ന് സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

ഡിമാന്റ് രജിസ്റ്റർ പ്രകാരം സ്ഥാപന തൊഴിൽ നികുതി ഡിമാന്റ് ചെയ്തിട്ടുള്ള താഴെപ്പറയുന്ന സ്ഥാപനങ്ങളിൽ നിന്ന് രണ്ട് അർദ്ധ വർഷങ്ങളിലും സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

A) ബിവറേജസ് ഔട്ട് ലെറ്റ്, വിതുര

B) സപ്ലൈകോ മാവേലിസ്റ്റോർ, ചെറ്റച്ചൽ

C) ഡിസ്ട്രിക്ട് കോപ്പറേറ്റീവ് ബാങ്ക്, വിതുര

D) മണപ്പുറം ഫിനാൻസ് ലിമിറ്റഡ്

E) ആശിർവാദ് മൈക്രോഫിനാൻസ് ലിമിറ്റഡ്

ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നം.5-ന് മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ പരാമർശിച്ചിട്ടുള്ള സ്ഥാപനങ്ങളിൽ നിന്ന് സ്ഥാപനതൊഴിൽ നികുതി ഈടാക്കി റിപ്പോർട്ട് ചെയ്യേണ്ടതാണ്.

## 1-11(4) തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്ററിൽ ഉൾപ്പെട്ടിട്ടുള്ള സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്ന് തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 205(എഫ്) പ്രകാരം ഓരോ വർഷവും ആഗസ്റ്റ് മാസത്തിന്റേയും ഫെബ്രുവരിമാസത്തിന്റേയും അവസാനത്തിനുമുൻപ് ഓരോ ഓഫീസ് മേധാവിയും തൊഴിലുടമയും നികുതി അടയ്ക്കേണ്ടതായ എല്ലാ ജീവനക്കാരുടേയും നികുതി തിട്ടപ്പെടുത്തി, അവരിൽ നിന്ന് തുക ഈടാക്കി , നികുതി അടയ്ക്കാൻ ബാധ്യസ്ഥരായ എല്ലാ ജീവനക്കാരെയും ഉൾപ്പെടുത്തിയിട്ടുണ്ടെന്ന് കാണിക്കുന്ന സാക്ഷ്യപത്രം ജീവനക്കാരുടെ ലിസ്റ്റ് സഹിതം ഗ്രാമപഞ്ചായത്തിൽ സമർപ്പിക്കേണ്ടതാണ്. എന്നാൽ ലഭ്യമാക്കിയ തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്ററിൽ ഉൾപ്പെട്ടിട്ടുള്ള താഴെപ്പറയുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്ന് തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

എ. ആത്രേയ റിസർച്ച് സെന്റർ ഓഫ് ഇമ്മ്യൂണിറ്റി, വിതുര

ബി. ഗവ. യു.പി.എസ്. ബോണക്കാട്

സി. കേരള സ്റ്റേറ്റ് കോപ്പറേറ്റീവ് റബ്ബർമാർക്കറ്റിംഗ് ഫെഡറേഷൻ ലിമിറ്റഡ്, വിതുര

ഡി. ലക്ഷ്മി എസ്റ്റേറ്റ്, വിതുര

ഇ. ധനലക്ഷ്മിഫിനാൻസ്

എഫ്. സിൽവർ സ്റ്റോൺ റബ്ബർ ഇന്ത്യ ലിമിറ്റഡ്, വിതുര

ജി. കെ.എസ്.ആർ.റ്റി.സി വിതുര

എച്ച്. സിൽവർസ്റ്റോൺ എം.കെ.പി പോളിമേഴ്സ്, ചേന്നൻപാറ

മേൽപ്പറഞ്ഞ സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്ന് തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് റിപ്പോർട്ട് ചെയ്യേണ്ടതാണ്. ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നം. 5 ന് മറുപടി ലഭ്യമാക്കിയില്ല. സ്ഥാപനത്തിന് വരുമാനചോർച്ച ഉണ്ടാകുന്നില്ലായെന്ന് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ഉറപ്പു വരുത്തേണ്ടതാണ്.

## 1-11(5) രണ്ടാം അർദ്ധവർശത്തിലെ തൊഴിൽ നികുതി രജിസ്റ്റർ, അനുബന്ധ രേഖകൾ എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല

രണ്ടാം അർദ്ധ വർഷത്തിലെ ജീവനക്കാരുടെ തൊഴിൽ നികുതി കണക്കാക്കിയ പത്രിക, തൊഴിൽ നികുതി രജിസ്റ്റർ എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നം. 5 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ തൊഴിൽ നികുതി ഈടാക്കിയതിന്റെകൃത്യത പരിശോധിക്കാനായിട്ടില്ല.

മേൽ വിഷയം ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

## 1-11(6) റേഷൻകടകൾ ലൈസൻസ് ഇല്ലാതെയും തൊഴിൽ നികുതി ഒടുക്കാതെയും പ്രവർത്തിക്കുന്നു.

ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന റേഷൻ കടകൾക്ക് 2019-20 വർഷത്തേയ്ക്ക് ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും മറ്റ് സംരംഭ പ്രവർത്തനങ്ങൾക്കും നൽകേണ്ടുന്ന ലൈസൻസ് അനുവദിച്ചുനൽകിയിട്ടില്ല. കൂടാതെ റേഷൻ കടകളിൽ നിന്നും വരുമാനത്തിനനുസൃതമായി തൊഴിൽ നികുതിയും, സ്ഥാപന തൊഴിൽ നികുതിയും ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ല.

മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പ് നമ്പർ 3 ന് ലഭ്യമാക്കിയ മറുപടിയിൽ 17 റേഷൻകടകൾ ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്നുണ്ടെന്നും 19.08.2020 ന് അവർക്ക് ഇത് സംബന്ധിച്ച കത്തു നൽകിയിട്ടുണ്ടെന്നും അറിയിച്ചിട്ടുണ്ട്. റേഷൻ കടകൾക്ക് ലൈസൻസ് നൽകുന്നതിനും തൊഴിൽ നികുതി,സ്ഥാപന തൊഴിൽ നികുതി എന്നിവ ഈടാക്കുന്നതിനും നടപടികൾ സ്വീകരിക്കേണ്ടതാണ്. ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി പ്രസ്തുത വിവരം പരിശോധിച്ച് ഉറപ്പുവരുത്തേണ്ടതാണ്.

## 1-11(7) കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം, 1996 ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങൾ എന്നിവ പ്രകാരം 2019-20 വർഷം ഗ്രാമ പഞ്ചായത്തിന് കീഴിലുള്ള മരാമത്ത് പ്രവൃത്തി ഏറ്റെടുത്ത കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. ലഭ്യമാക്കിയ കരാറുകാരുടെ ലിസ്റ്റ് പ്രകാരം 2കരാറുകാർ മരാമത്ത് പ്രവൃത്തി ഏറ്റെടുത്ത് നടപ്പാക്കിയിട്ടുണ്ട്.

| ക്രമ നം | പേര് | വിലാസം |
|---|---|---|
| 1 | എൻ.ജയകുമാർ | ശ്രീലക്ഷ്മി, മണലയം |
| 2 | ഹരിലാൽ | ശാന്തി ഭവൻ, പേരയത്തു പാറ , വിതുര പി.ഒ |

മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പ് നമ്പർ.2ന് കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ലായെന്ന് വ്യക്തമാക്കിയിട്ടുണ്ട്. .മേൽ സാഹചര്യത്തിൽ ഗ്രാമപഞ്ചായത്ത് പരിധിയിലെ കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നുണ്ടെന്ന് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ഉറപ്പുവരുത്തേണ്ടതാണ്

## 1-12 വസ്തു നികുതി -അപാകതകൾ

വസ്തു നികുതി പരിശോധനയിൽ താഴെപ്പറയുന്ന അപാകതകൾ കാണുന്നു

## 1-12(01) ഡേറ്റാ പ്യൂരിഫിക്കേഷൻ- ഫോറം 6 ലഭ്യമാക്കിയില്ല

2011-ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ ചട്ടം 11 (2) പ്രകാരം കെട്ടിട ഉടമ ഫാറം 2ൽ വസ്തു നികുതി റിട്ടേൺ സമർപ്പിക്കേണ്ടതും ചട്ടം 12(4) പ്രകാരം കെട്ടിട ഉടമവസ്തു ഉടമ വസ്തുനികുതി റിട്ടേൺ സമർപ്പിച്ച സംഗതിയിൽ സെക്രട്ടറി അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥൻ കെട്ടിടത്തെ സംബന്ധിച്ച വിവരങ്ങൾ ആറുമാസത്തിനകം സ്ഥലത്ത് പോയി ഫാറം-6ൽ ശേഖരിക്കേണ്ടതും അപ്രകാരം ശേഖരിച്ച വിവരങ്ങളുടെ അടിസ്ഥാനത്തിൽ സെക്രട്ടറി നികുതി നിർണ്ണയം നടത്തേണ്ടതും ആ വിവരം വസ്തു നികുതി നിർണ്ണയരജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടതുമാണ്.

വാർഷിക ധനകാര്യപത്രിക I-18 പ്രകാരം നോൺ റസിഡൻഷ്യൽ ബിൽഡിംഗിനത്തിൽ 347940/- രൂപ ഡിമാന്റിനത്തിൽ ഒഴിവാക്കിയിട്ടുണ്ട്. ഡേറ്റാ പ്യൂരിഫിക്കേഷൻ വേളയിൽ തയ്യാറാക്കിയ ഫോറം6 പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നം. 18 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ ആയതിന്റെ കൃത്യത പരിശോധിക്കാനായിട്ടില്ല. ഡേറ്റാ പ്യൂരിഫിക്കേഷൻ കൃത്യമായി ആണ് നിർവ്വഹിച്ചിരിക്കുന്നതെന്ന് ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റി ഉറപ്പ് വരുത്തേണ്ടതാണ്.

## 1-12(02) വസ്തുനികുതിനിർണ്ണയം- കൃത്യത നിർണ്ണയിക്കാനായിട്ടില്ല

2011ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ ചട്ടം 11 (2) പ്രകാരം കെട്ടിട ഉടമ ഫാറം 2ൽ വസ്തു നികുതി റിട്ടേൺ സമർപ്പിക്കേണ്ടതും ചട്ടം 12(4) പ്രകാരം കെട്ടിട ഉടമവസ്തു ഉടമ വസ്തുനികുതി റിട്ടേൺ സമർപ്പിച്ച സംഗതിയിൽ സെക്രട്ടറി അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥൻ കെട്ടിടത്തെ സംബന്ധിച്ച വിവരങ്ങൾ ആറുമാസത്തിനകം സ്ഥലത്ത് പോയി ഫാറം-6ൽ ശേഖരിക്കേണ്ടതും അപ്രകാരം ശേഖരിച്ച വിവരങ്ങളുടെ അടിസ്ഥാനത്തിൽ സെക്രട്ടറി നികുതി നിർണ്ണയം നടത്തേണ്ടതും ആ വിവരം വസ്തു നികുതി നിർണ്ണയരജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടതുമാണ്.

വസ്തു നികുതി നിർണ്ണയം സംബന്ധിച്ച് ഫയൽ നം. A5-826/19, A5-2045/19, A5-186/19, A5-340/19, A5-1421/19 എന്നീ ഫയലുകൾ പരിശോധിച്ചതിൽ യാതൊന്നിലും തന്നെ ഈ ചട്ടങ്ങൾ പാലിച്ചതായി കാണുന്നില്ല. എൽ.എസ്.ജി.ഡി ഓവർസിയരുടെ സ്ഥലപരിശോധനാറിപ്പോർട്ടിൽ ഫോറം 6ൽ ചട്ടം അനുശാസിക്കുന്ന എല്ലാ വിവരങ്ങളും കൃത്യമായി രേഖപ്പെടുത്തിയിട്ടില്ലാത്തതിനാൽ സഞ്ചയയിൽ വസ്തു നികുതി കൃത്യമായാണോ കണക്കാക്കിയിരിക്കുന്നത് എന്നത് പരിശോധിക്കാൻ കഴിഞ്ഞിട്ടില്ല. ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നം. 24 ന് മറുപടി ലഭ്യമാക്കിയിട്ടില്ല.

പഞ്ചായത്തിന് വസ്തു നികുതിയിനത്തിൽ നഷ്ടം സംഭവിക്കുന്നില്ലായെന്ന് ധനകാര്യസ്റ്റാന്റിംഗ് കമമിറ്റി ഉറപ്പ വരുത്തേണ്ടതാണ്.

## 1-12(03) സ്ഥലപരിശോധനാറിപ്പോർട്ടിനേക്കാൾ കുറവായി പ്ലിന്ത് ഏരിയ സഞ്ചയയിൽ രേഖപ്പെടുത്തി

വസ്തു നികുതി നിർണ്ണയം സംബന്ധിച്ച് ഫയൽ നം. A5-826/19, A5-2045/19, A5-186/19, A5-340/19, A5-1421/19 എന്നീ ഫയലുകൾ പരിശോധിച്ചതിൽ ഓവർസിയറുടെ സ്ഥലപരിശോധനാ റിപ്പോർട്ടിൽ രേഖപ്പെടുത്തിയിരിക്കുന്നതിൽ നിന്ന് വ്യത്യസ്തമായാണ് പ്ലിന്ത് വിസ്തീർണ്ണം സഞ്ചയയിൽ രേഖപ്പെടുത്തി വസ്തു നികുതി കണക്കാക്കിയിരിക്കുന്നത്.

| ക്രമ നം. | ഫയൽ നം. | കെട്ടിട നം | ഓവർസിയറുടെ സ്ഥലപരിശോധനാ റിപ്പോർട്ട് പ്രകാരമുള്ള പ്ലിന്ത് ഏരിയ | സഞ്ചയയിൽ രേഖപ്പെടുത്തിയിരിക്കുന്ന പ്ലിന്ത് ഏരിയ | കുറവ് |
|---|---|---|---|---|---|
| 1 | A5-826/19 | 17/580 എ,ബി | Ground Floor-30.50ച.മീ | Ground Floor-30.50ച.മീ<br>Ground Floor 77.89ച.മീ | 116.9 ച.മീ |

| | | | | | |
|---|---|---|---|---|---|
| | | | Ground Floor Residence-77.89 ച.മീ<br>First Floor Residence-108.39ച.മീ<br>ടവർ-8.51 ച.മീ | | |
| 2 | A5-1529/19 | 15/275എ | Ground Floor Area-99.61 ച.മീ<br>First Floor-64.74 ച.മീ | താഴത്തെ നില-111.84ച.മീ<br>ഒന്നാം നില-85.74ച.മീ | |
| 3 | A5-2045/19 | 8/336എ , 336ബി | പാർപ്പിടം-77.69 ച.മീ<br>വാണിജ്യം-22.85 ച.മീ | പാർപ്പിടം-77.69ച.മീ<br>വാണിജ്യം- 10.39 ച.മീ | 10.39 ച.മീ |

ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നം. 24 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. വസ്തുനികുതി നിർണ്ണയം സംബന്ധിച്ച രേഖപ്പെടുത്തലുകൾ പരിശോധിക്കേണ്ടതും സ്ഥാപനത്തിന് വരവ് നഷ്ടം സംഭവിക്കുന്നില്ലായെന്ന് ഉറപ്പ് വരുത്തേണ്ടതുമാണ്.

## 1-12(04) വസ്തു നികുതി ഇളവ് നൽകാത്ത കെട്ടിടങ്ങൾക്ക് ഡിമാന്റ് തുക രേഖപ്പെടുത്തിയിട്ടില്ല.

ഗ്രാമപഞ്ചായത്തിലെ നികുതി ഇളവിന് അർഹതയുള്ള കെട്ടിടങ്ങളുടെ വിവരം സഞ്ചയയിൽ രേഖപ്പെടുത്തേണ്ടതും അല്ലാത്ത കെട്ടിടങ്ങൾക്ക് നികുതി ഡിമാന്റ് നൽകി വസ്തു നികുതി ഈടാക്കേണ്ടതുമാണ്. എന്നാൽ സഞ്ചയ സോഫ്റ്റ്വെയറിൽ വസ്തു നികുതി ഇളവ് നൽകാത്ത കെട്ടിടങ്ങൾക്ക് ഡിമാന്റ് തുക രേഖപ്പെടുത്തിയിട്ടില്ല. ഉദാഹരണമായി ഗ്രാമപഞ്ചായത്തിലെ 5, 15 എന്നീ വാർഡിലെ കെട്ടിടങ്ങൾ പരിശോധിച്ചതിൽ താഴെപ്പറയുന്ന കെട്ടിടങ്ങൾക്ക് നികുതി ഇളവ് അനുവദിച്ച് നൽകിയിട്ടില്ല എന്നാണ് സഞ്ചയയിൽ രേഖപ്പെടുത്തിയിട്ടുള്ളത്. എന്നാൽ പ്രസ്തുത കെട്ടിടങ്ങളുടെ വസ്തു നികുതി ഡിമാന്റായി തുകയൊന്നും രേഖപ്പെടുത്തിയിട്ടില്ല.. ഉദാഹരണമായി.

| ക്രമ നം | വാർഡ്/കെട്ടിട.നം | പേര് /വിലാസം |
|---|---|---|
| 1 | 5/3 | ഭാനുമതി, സജി ഭവൻ |
| 2 | 5/13<br>എ | മിനി.പി, തടത്തരികത്തു വീട് |
| 3 | 5/17 | എ. മാത്തി, അറവില കരിക്കകം |
| 4 | 5/34 | എം. ചന്ദ്രൻ കാണി, ശരത് ഭവൻ |
| 5 | 15/8 | ഷാജഹാൻ, അജ്മീർ നിവാസ് |
| 6 | 15/37എ | സജി ജേക്കബ്, & മഞ്ജു ജോൺ |

ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നം. 17 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. കെട്ടിടങ്ങളുടെ നികുതി ഇളവ് അർഹത സഞ്ചയയിൽ കൃത്യമായും രേഖപ്പെടുത്തേണ്ടതും സഞ്ചയയിലെ മേൽ അപാകങ്ങൾ പരിഹരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്. ധനകാര്യസ്റ്റാന്റിംഗ് കമ്മറ്റി ഈ വിഷയത്തിൽ ശ്രദ്ധ പുലർത്തേണ്ടതാണ്.

## 1-12(05) വസ്തു നികുതി - റദ്ദാക്കിയ സാംഖ്യ രസീതുകളിലെ തുകകൾ സഞ്ചയയിൽ വരവായി രേഖപ്പെടുത്തിയിരിക്കുന്നു

2019-20 വർഷം സംഖ്യ രസീതു പ്രകാരം വസ്തു നികുതി ഇനത്തിൽ പിരിച്ചെടുത്ത തുകകളിൽ താഴെപ്പറയുന്ന റദ്ദാക്കിയ രസീത് സഞ്ചയയിൽ നിന്നും നീക്കം ചെയ്യാത്തതിനാൽ തുക പിരിച്ചെടുത്തതായി രേഖപ്പെടുത്തിയിരിക്കുന്നു.

| വാർഡ്/ കെട്ടിട.നം | പേര് | റദ്ദാക്കിയ സാംഖ്യ രസീത് നം/തീ | കാലയളവ് |
|---|---|---|---|
| 9/368 | ഷിഫിൻ എബ്രഹാം | 11901010163‌6/18.7.2019 | 2019-20ഒന്നും രണ്ടും അർദ്ധ വർഷങ്ങൾ |
| 1/704 | അൻവർ/ | 11901010101845/2.8.19 | 2019-20ഒന്നും |

| | | | |
|---|---|---|---|
| | അൻസി | | രണ്ടും അർദ്ധ വർഷങ്ങൾ |
| 16/454ബി | സൂര്യ | 11901010 5039/5.2.2020 | 2019-20ഒന്നും രണ്ടും അർദ്ധ വർഷങ്ങൾ |
| 16/903 | സൂര്യ | 11901010 5041/5.2.2020 | 2019-20ഒന്നും രണ്ടും അർദ്ധ വർഷങ്ങൾ |
| 16/897 | നൗഷാദ്. ബിനഷ | 11901010 5283/19.2.2020 | 2019-20ഒന്നും രണ്ടും അർദ്ധ വർഷങ്ങൾ |

ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നം. 17ന് മറുപടി ലഭ്യമാക്കിയിട്ടില്ല. റദ്ദാക്കിയ രസീതുകൾ സഞ്ചയയിൽ നിന്നും യഥാസമയം നീക്കംചെയ്യാത്തത് ഗുരുതരമായ പിഴവാണ്. ഇക്കാരണത്താൽ വസ്തു നികുതി പിരിവ് ഇനത്തിൽ വർദ്ധിച്ച വരവാണ് സഞ്ചയയിൽ കാണപ്പെടുന്നത്. ധനകാര്യസ്റ്റാന്റിംഗ് കമ്മറ്റി ഈ വിഷയത്തിൽ ശ്രദ്ധ പുലർത്തേണ്ടതാണ്.

## 1-12(06) മുൻകാല പ്രബല്യത്തിൽ നികുതി ഒഴിവാക്കി

ജി.ഒ(എം.എസ്).358/15/തസ്വഭവ തീ. 16.12.2015 പ്രകാരം 60 ച.മീ (660 ചതുരശ്ര അടി) വരെ വിസ്തീർണ്ണമുള്ള കെട്ടിടങ്ങളെ 2015-16 വർഷം മുതൽ വസ്തുനികുതിയിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്. എന്നാൽ സഞ്ചയ സോഫ്റ്റ്വെയറിൽ മേൽ ഉത്തരവിന്റെ അടിസ്ഥാനത്തിൽ മുൻകാല പ്രബല്യത്തിൽ നികുതി ഒഴിവാക്കിയിട്ടുണ്ട്. ഉദാഹരണമായി

| ക്രമ നം | വാർഡ്/കെട്ടിട.നം | പേര് /വിലാസം | ഇളവ് നൽകിയ കാലയളവ് |
|---|---|---|---|
| 1 | 15/10 | എം. മുഹമ്മദ് സാലി,മരുതും മൂട് വീട് | 2013 ആദ്യ അർദ്ധ വർഷം മുതൽ |
| 2 | 15/39 | ലീലാഭായ്, ലെവിൻഹിൽ | 2013 ആദ്യ അർദ്ധ വർഷം മുതൽ |
| 3 | 15/44 | കെ.സാറ | 2013 ആദ്യ അർദ്ധ വർഷം മുതൽ |

ഇത് സംബന്ധിച്ച ഓഡിറ്റ്എൻക്വയറി നം.17 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. വസ്തു നികുതിയിനത്തിൽ പഞ്ചായത്തിന് വരവു നഷ്ടം ഉണ്ടാകുന്നില്ലായെന്ന് ഉറപ്പു വരുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-12(07) ഗ്രാമപഞ്ചായത്തിൽ ഒരേ കെട്ടിടത്തിലെ /സമീപകെട്ടിടങ്ങൾക്ക് വ്യത്യസ്ഥ മേഖല

ഗ്രാമപഞ്ചായത്തിൽ ഒരേ കെട്ടിടത്തിലെ /സമീപകെട്ടിടങ്ങൾക്ക് വ്യത്യസ്ഥ മേഖലനിർണ്ണയം നടത്തിയിട്ടുണ്ട്. ഉദാഹരണമായി.

| ക്രമ നം | കെട്ടിട നമ്പർ | ഉടമയുടെ പേര് | പ്രദേശം | മേഖല |
|---|---|---|---|---|
| 1 | 5/357എ | സതിലാൽ ആർ, കടയിൽ വീട്, കല്ലാർ | വിതുര-പൊന്മുടി | പ്രഥമം |
| | 5/37 ബി | | വിതുര-പൊന്മുടി | ദ്വിതീയം |
| 2 | 5/388 | ഫാദർ, സി.എസ്.ഐ. ചർച്ച്അബ്രേക്കർ കോളനി | വിതുര-പൊന്മുടി | ദ്വിതീയം |
| | 5/399 | | വിതുര-പൊന്മുടി | പ്രഥമം |
| 3 | 15/49 | റോഹൻ. വി. ജോർജ്ജ്,ജയമാതയിൽ | വിതുര-പൊന്മുടി | ദ്വിതീയം |
| | 15/50 | | വിതുര-പൊന്മുടി | പ്രഥമം |

ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നം. 17 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. സഞ്ചയയിലെ രേഖപ്പെടുത്തൽ പരിശോധിച്ച് വരുമാന നഷ്ടം സംഭവിക്കുന്നില്ലായെന്ന് ഉറപ്പു വരുത്തേണ്ടതാണ്

## 1-12(08) വാർഡ് അടിസ്ഥാനത്തിലുള്ള മാപ്പ് തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല

2011 ലെ കേരള പഞ്ചായത്ത് (വസ്തുനികുതിയും സേവനഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ,ചട്ടം 7(4) പ്രകാരം ഗ്രാമപഞ്ചായത്തിന്റെ മേഖലകളെ സംബന്ധിച്ച വിവരങ്ങൾ വാർഡ് അടിസ്ഥാനത്തിലുള്ള മാപ്പിൽ രേഖപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്. എന്നാൽ അപ്രകാരം വാർഡ് അടിസ്ഥാനത്തിലുള്ള മാപ്പ് തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല.

ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നം. 17 ന് മറുപടി ലഭ്യമാക്കിയിട്ടില്ല.

ചട്ടങ്ങൾ അനുശാസിക്കും പ്രകാരമുള്ള നടപടിക്രമങ്ങൾ പാലിച്ച് റിപ്പോർട്ട് ചെയ്യേണ്ടതാണ്.

## 1-12(09) 60 ച.മീറിൽ കൂടുതൽ വിസ്തീർണ്ണമുള്ള കെട്ടിടങ്ങൾക്കും നികുതി കണക്കാക്കിയിട്ടില്ല

ജി.ഒ(എം.എസ്).358/15/തസ്വഭവ തീ. 16.12.2015 പ്രകാരം 60 ച.മീ (660 ചതുരശ്ര അടി) വരെ വിസ്തീർണ്ണമുള്ള കെട്ടിടങ്ങൾക്കാണ് നികുതി ഒഴിവാക്കിയിട്ടുള്ളത്. എന്നാൽ 60 ച.മീറ്ററിൽ കൂടുതൽ വിസ്തീർണ്ണമുള്ള കെട്ടിടങ്ങൾക്കും നികുതി കണക്കാക്കിയതായി കാണുന്നില്ല. ഉദാഹരണം ചുവടെ

| വാർഡ്/കെട്ടിട.നം | പേര് /വിലാസം | വിസ്തീർണ്ണം |
|---|---|---|
| 5/15 | സതി, നാരകത്തിൻകാല, ആനപ്പാറ | 144 ചമീ |
| 5/22 | ഓമന, കോണിൽ പുത്തൻ വീട് | 69.12 ച.മീ |

ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നം. 17 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. ഇപ്രകാരം വസ്തുനികതിയിനത്തിൽഗ്രാമപഞ്ചായത്തിന് നഷ്ടം വരുന്നില്ലായെന്ന് ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റി ഉറപ്പു വരുത്തേണ്ടതാണ്.

## 1-12(10) വിമുക്ത ഭടൻമാർക്ക് വസ്തു നികുതി ഒഴിവാക്കുന്നതിൽ അപാകത

സ.ഉ(കൈ)നം.106/17/തസ്വഭവ തീ.26.05.2017 പ്രകാരം വിമുക്ത ഭടന്മാർക്ക്/വിമുക്ത ഭടന്മാരുടെ ഭാര്യമാർക്ക്/ വിധവകൾക്ക് കെട്ടിട നികുതിയിൽ ഇളവ് അനുവദിക്കുമ്പോൾ നിർദ്ദിഷ്ട മാതൃകയിലുള്ള സാക്ഷ്യപത്രം കെട്ടിട നികുതി ഇളവിന് അർഹരായവർ ഓരോ വർഷവും മാർച്ച് 31 ന് മുമ്പായി ഗ്രാമപഞ്ചായത്തിൽ സമർപ്പിക്കേണ്ടതാണ്. കൂടാതെ ഇളവിന് അർഹരായവരുടെ പ്രത്യേക രജിസ്റ്റർ സൂക്ഷിക്കേണ്ടതും ആവശ്യമായ രേഖപ്പെടുത്തലുകൾ വരുത്തേണ്ടതുമാണെന്നും നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ സഞ്ചയ സോഫ്റ്റവെയറിൽ 5, 15 എന്നീ വാർഡുകൾ പരിശോധിച്ചതിൽ സത്യവാങ്മൂലം സമർപ്പിച്ചിട്ടില്ലായെന്ന് രേഖപ്പെടുത്തിയിട്ടുള്ള താഴെപ്പറയുന്ന വ്യക്തികളുടെ ഉടമസ്ഥതയിലുള്ള കെട്ടിടങ്ങളെ വസ്തുനികുതിയിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്..

| ക്രമ നം | വാർഡ് നം/ കെട്ടിട നം | പേര് , വിലാസം |
|---|---|---|
| 1 | 5/188 | ശരവണകുമാരി. ജി, അശ്വതി ഭവൻ |
| 2 | 5/237എ | അബ്ദുൾ മജീദ്. എം, മജീദ് ഭവൻ |
| 3 | 5/282 | എം.അബ്ബാസ്. എ.എസ് ബംഗ്ലാവ് |
| 4 | 15/130 | റൊസാരിയോ ഫ്രാൻസിസ്, ഡീലിയ മാൻസി |
| 5 | 15/549 | കെ.സി മാത്യൂ, മേലേടത്ത് പുത്തൻ വീട് |

മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം.17ന് മറുപടി ലഭ്യമാക്കിയിട്ടില്ല. സർക്കാർ ഉത്തരവ് പ്രകാരം വസ്തു നികുതിയിൽ നിന്നും ഒഴിവാക്കുന്നവരുടെ അർഹത പരിശോധിച്ച് ഇളവിന് അർഹതയുള്ളവരുടെ രേഖകൾ വാങ്ങി സൂക്ഷിക്കാനും രജിസ്റ്ററിൽ ആവശ്യമായ രേഖപ്പെടുത്തൽ വരുത്താനും ഗ്രാമപഞ്ചായത്ത് നടപടികൾ സ്വീകരിക്കേണ്ടതാണ്. ധനകാര്യസ്റ്റാന്റിംഗ് കമ്മറ്റി ഈ വിഷയം പരിശോധിച്ച് ഉറപ്പ് വരുത്തേണ്ടതാണ്.

## 1-12(11) സേവന ഉപനികുതി ഈടാക്കിയിട്ടില്ല

2011-ലെ കേരള പഞ്ചായതത് രാജ് (വസ്തുനികുതിയുംസേവനഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ ചട്ടം26,27 പ്രകാരം ഒരു ഗ്രാമപഞ്ചായത്ത് പ്രദേശത്ത് സ്ഥിതി ചെയ്യുന്നതും 1994ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ വകുപ്പ് 207(1) പ്രകാരം സേവന ഉപനികുതിയിൽ നിന്ന് ഒഴിവാക്കപ്പെട്ടിട്ടില്ലാത്തതുമായ ഏതൊരു കെട്ടിടത്തിന്റേയും ഉടമസ്ഥനിൽ നിന്നും പ്രസ്തുത കെട്ടിടം സ്ഥിതി ചെയ്യുന്ന ഭൂമിയിലോ അതിന്റെ സമീപ പ്രദേശത്തോ ശുചിത്വ പരിപാലനം, ജലവിതരണം, തെരുവുവിളക്കുകളും ഡ്രൈനേജും തുടങ്ങിയ സേവനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടെങ്കിൽ ഗ്രാമപഞ്ചായത്ത് നിശ്ചയിക്കുന്ന നിരക്കിൽ സേവന ഉപനികുതിചുമത്താവുന്നതാണ്. ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നം. 18ന് മറുപടി ലഭ്യമാക്കിയിട്ടില്ല. വരുമാന വർദ്ധനവിലുപരിയായി പൊതുജനങ്ങൾക്ക് മെച്ചപ്പെട്ട സേവനം ഉറപ്പാക്കാൻ സേവന ഉപനികുതി ചുമത്തുന്നതിലൂടെ സാധിക്കുന്നതാണ്. പഞ്ചായത്ത് ഭരണസമിതിയ്ക്ക് ഇക്കാര്യത്തിൽ ഉചിതമായ തീരുമാനം സ്വീകരിക്കാവുന്നതാണ്.

## 1-12(12) സഞ്ചയയിലെ കെട്ടിടത്തിന്റെ ഉപയോഗക്രമവും ലൈസൻസ് ചട്ടങ്ങൾ പ്രകാരമുള്ള ഉപയോഗക്രമവും തമ്മിൽ പൊരുത്തപ്പെടുന്നില്ല

ഫാക്ടറികൾക്കും വ്യാപാരസ്ഥാപനങ്ങൾക്കും മറ്റ് സംരംഭക പ്രവർത്തനങ്ങൾക്കും ലൈസൻസ് നൽകൽ ചട്ടങ്ങൾ രജിസ്റ്റർപ്രകാരം ലൈസൻസ് നൽകിയിട്ടുള്ള കെട്ടിടങ്ങളിൽ സഞ്ചയ പ്രകാരം ഉപയോഗക്രമം വ്യത്യാസപ്പെട്ടു കാണുന്നു.

| കെട്ടിട നം. | ലൈസൻസ് രജിസ്റ്റർ ക്രമ നം | ഉടമസ്ഥൻ | ഉപയോഗംലൈസൻസ് രജിസ്റ്റർപ്രകാരം | സഞ്ചയപ്രകാരമുള്ള രേഖപ്പെടുത്തൽ |
|---|---|---|---|---|
| 17/487 | 31 | ഡോ. അരവിന്ദ് | അരവിന്ദ് ദന്താശുപത്രി | പാർപ്പിടാവശ്യം |
| 2/124 | 12 | സുധീർ. എ, പാറപ്പുറം ഹൗസ് | മൊഹബത്ത് ഹലാൽ ചിക്കൻ | പാർപ്പിടാവശ്യം |
| 16/623എ | 14 | ബിനു. കെ.എസ്, ശ്രീകണ്ഠവിലാസം | ഗ്യാസ് ഗോഡൗൺ | പാർപ്പിടാവശ്യം |
| 15/38 | 41 | മത്തായി സുഗീസ്, കോട്ടയത്ത് ഹൗസ് | എ.കെ.പി റബ്ബർ& മലഞ്ചരക്ക് വ്യാപാരം | സഞ്ചയയിൽ പ്രസ്തുത നമ്പരിൽ ഒരു കെട്ടിടം കാണുന്നില്ല |

ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നം.18-ന് മറുപടി ലഭ്യമാക്കിയിട്ടില്ല. സഞ്ചയയിലെ രേഖപ്പെടുത്തലുകൾ പൂർണ്ണമായും പരിശോധിക്കേണ്ടതും തനതു ഫണ്ടിന് നഷ്ടം സംഭവിക്കുന്നില്ലായെന്ന് ഉറപ്പു വരുത്തേണ്ടതുമാണ്

## 1-13 ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ്

ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകലുമായി ബന്ധപ്പെട്ട രേഖകൾ പരിശോധിച്ചതിൽ താഴെപ്പറയുന്ന അപാകതകൾ കാണുന്നു

## 1-13(1) ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് -ലൈസൻസില്ലാതെ വ്യാപാരസ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു

ലഭ്യമാക്കിയ FTEAOS രജിസ്റ്റർ പ്രകാരം 2018-19 സാമ്പത്തിക വർഷം ലൈസൻസ് എടുത്തിട്ടുള്ള സ്ഥാപനങ്ങളിൽ 1 മുതൽ 50 വരെയുള്ള രേഖപ്പെടുത്തലുകൾ മാത്രം പരിശോധിച്ചതിൽ താഴെപ്പറയുന്ന സ്ഥാപനങ്ങൾ 2019-20 വർഷം ലൈസൻസ് പുതുക്കിയതായി കാണുന്നില്ല.

| ക്രമ നം | വാർഡ്/ കെട്ടിട നം | ഉടമയുടെ പേര് | വ്യാപാരസ്ഥാപനം |
|---|---|---|---|
| 1 | 11/196 | എസ്.തമ്പി | ശിവശക്തി |
| 2 | 16/853 | സുരേഷ് കുമാർ, സുമിത്ത് ഭവൻ | സ്മാർട്ട് എഞ്ചിനീയറിംഗ് വർക്സ് |
| 3 | 15/710 | ജനീഷ്. എസ് പുലിക്കുഴി വീട് | മലഞ്ചരക്ക് കട |
| 4 | 5/342 | രാജശേഖരൻനായർ, രാജ്ഭവൻ | രാജ് റെസ്റ്റോറന്റ് |
| 5 | 15/277 | സുനീർ. എ, സുനി മൻസിൽ | ഡെയ് ലി ഫ്രഷ് സ്റ്റോർ |
| 6 | 17/466 | നിയസജീർ, സജീന | എസ്.എൻ ലക്കി |

| | | | |
|---|---|---|---|
| | | മൻസിൽ | സെന്റർ |
| 7 | 10/518 | സുധീർ. എൻ, വിവേകാനന്ദ ലെയിൻ | എം.എസ് മലഞ്ചരക്ക് കട |
| 8 | 8/39 | സന്ദീപ് കുമാർ, എസ്, ഗുരുകൃപ | എസ്.എം.എസ് റബ്ബർവ്യാപാരം |
| 9 | 16/425 | നിഷ. സി നന്ദനാലയം | സഖി ലേഡീസ് തയ്യൽക്കട |
| 10 | 6/309എ | അഞ്ജലി, സന്തോഷ് ഭവൻ | കുഞ്ഞൂസ് ബേക്കറി |
| 11 | 1/543 | അജികുമാർ. പി.എസ് | അജി സ്റ്റോഴ്സ് |
| 12 | 6/232മുതൽ 242 വരെ | മറിയജേക്കബ് | ആയുർവേദ ക്ലിനിക്ക് |
| 13 | 16/18 | ദീപ.വി, കരിമ്പാടി പുത്തൻ വീട് | നന്ദനാബേക്കറി |
| 14 | 10/549 | മണികണ്ഠൻപിള്ള | പുളിമൂട്ടിൽ റബ്ബർക്കട |
| 15 | 17/512 | റോയി. എൽ. ജോസഫ് | ധനലക്ഷ്മി മെഡിക്കൽസ് |
| 16 | 6/90 | അബ്ദുൾ റഷീദ് | പലചരക്ക് കട |
| 17 | 1/438 | കെ. ശശിധരൻ | ശാസ്താസ്റ്റോർ, പലചരക്ക് കട |
| 18 | 10/527 | രവീന്ദ്രൻ നായർ | മൂകാംബിക ബേക്കറി |
| 19 | 13/594 | എബ്രഹാം വർഗ്ഗീസ് | ചിറമേൽ റബ്ബേഴ്സ് |
| 20 | 16/320,300എ | തുളസീധരൻ, മുസാവരി ഹൗസ് ഹോസ്പിറ്റൽ | എൻ.എസ് ഹോട്ടൽ |
| 21 | 1/364,365 | അഷ്റഫ് ഖാൻ | പ്രൊവിഷണൽ സ്റ്റോർ |
| 22 | 2/529 | നസീഹബീവി | ബിസ്മി ഫാൻസി&ഫുട് വെയർ |
| 23 | 15/285 | എസ്.വി. ചെല്ലപ്പ | തിരുപ്പതി പലചരക്ക് കട |
| 24 | 16/422 | ഡോ. അനിൽകുമാർ | ആമ്പാടി ആയുർവേദ ആശുപത്രി |

ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നം. 16 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. വ്യവസായങ്ങൾക്കും ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭകപ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് അനുവദിക്കൽ ചട്ടം സെക്ഷൻ 232(1) പ്രകാരം സെക്രട്ടറി നൽകുന്ന ഒരു ലൈസൻസ് കൂടാതെയും ലൈസൻസിൽ പറഞ്ഞിട്ടുള്ള നിബന്ധനകൾക്കനുസൃതമായല്ലാതെയും പഞ്ചായത്ത് പ്രദേശത്ത് യാതൊരു സ്ഥലവും ഉപയോഗിക്കാൻ പാടില്ല. ലൈസൻസ് കൂടാതെ ഒരു സ്ഥാപനവും പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്നില്ലായെന്ന് ഉറപ്പു വരുത്തേണ്ടതാണ്.

## 1-13(2) ട്രേഡേഴ്സ് ലിസ്റ്റിൽ ഉൾപ്പെട്ട സ്ഥാപനങ്ങൾ ലൈസൻസില്ലാതെ പ്രവർത്തിക്കുന്നു

ലഭ്യമാക്കിയ ട്രേഡേഴ്സ് ലിസ്റ്റിലെ 1,15 എന്നീ രണ്ടു വാർഡുകൾ മാത്രം പരിശോധിച്ചതിൽ താഴെപ്പറയുന്ന സ്ഥാപനങ്ങൾ ലൈസൻസ് എടുത്തിട്ടില്ല.

| ക്രമ നം | വാർഡ്/ കെട്ടിട നം | ഉടമയുടെ പേര് | സ്ഥാപനം |
|---|---|---|---|
| 1 | 1/595എ | സൊറാബ് | ബയോഫാം |

| | | | |
|---|---|---|---|
| | | ജാൻസെയ്ദ് | |
| 2 | 1/45ബി | കെ. ശശിധരൻ | ശാസ്താസ്റ്റോർ |
| 3 | 1/364,365 | അഷ്റഫ് ഖാൻ | എ.ബി പ്രൊവിഷണൽ സ്റ്റോർ |
| 4 | 1/190 | ലൈജുമോഹൻ | ഗാലക്സി പ്രൊഫഷണൽ സൗണ്ട് സിസ്റ്റം |
| 5 | 1/723 | വിജയമ്മ.എ | കോഴിഫാം |
| 6 | 1/473 | അസിസ്റ്റന്റ്ഡയറക്ടർ, ജേഴ്സിഫാം എക്സ്റ്റൻഷൻ യൂണിറ്റ്, ചെറ്റച്ചൽ | ഗ്രീൻമിൽക്ക് |
| 7 | 1/718 | ബിന്ദുലേഖ | വർണ്ണം ഫാൻസി |
| 8 | 1/713 | സലാബ്ദീൻ, | റബ്ബർഷീറ്റ് വ്യാപാരം |
| 9 | 15/891-1 | ഡോ. അരവിന്ദ്. യു.കെ | ഡോ.അരവിന്ദ് ദന്തൽ ക്ലിനിക്ക് |
| 10 | 15/285 | എസ്.പി. ചെല്ലപ്പ | തിരുപ്പതി സ്റ്റോഴ്സ് |
| 11 | 15/299 | ഗോപകുമാർ | റബ്ബർക്കട |
| 12 | 15/827,828 | ഇ.എം. നസീർ | നാസ് ഗ്രൂപ്പ് ഹാർഡ് വെയർ |
| 13 | 15/280 | പി.എൽ. ജയശങ്കർ | അനന്തപുരി ഫാഷൻ ജുവലറി |
| 14 | 15/409 | സിജു.എസ് | കൃഷ്ണ കാറ്ററിംഗ്&ഫുഡ് പ്രോഡക്ട്സ് |
| 15 | 15/912 | റിയാസ് ഖാൻ | ഹോട്ടൽ ഊട്ടുപുര |
| 16 | 15/281 | എസ്. മോഹനചന്ദ്രൻ | ദേവി പൂക്കട |
| 17 | 15/379 | ആർ. ശ്രീകണ്ഠൻ | എസ്. ആർ ഫ്ലവർആന്റ് ഓയിൽ മിൽ |
| 18 | 15/67 | അനിൽകുമാർ | സ്റ്റേഷനറി സ്റ്റോർ |
| 19 | 15/372 | രാധ | ദേവി സ്റ്റോർ |
| 20 | 15/376 | പുരുഷോത്തമൻനായർ | ആരതി സ്റ്റോർ |
| 21 | 15/891 എഫ് | ഷാജി. എസ് | എസ്.എസ് പൂക്കട |
| 22 | 15/279 | വിമലകുമാരി | ഉണക്കമീൻ കച്ചവടം |
| 23 | 15/868 | നസീമാബീഗം | ബിസ്മില്ലാ ഹലാൽ ചിക്കൻ |
| 24 | 15/899,900 | ഷാജിമോൻ | എ-മാർട്ട് |
| 25 | 15/701,702,703 | രാജേന്ദ്രൻപിള്ള | അയൺലെയ്ത്ത് വർക്സ് |
| 26 | 15/740 | റോയ് ടൈറ്റസ് | മാതാ ഫോട്ടോസ്റ്റാറ്റ്& റീചാർജ്ജ് കൂപ്പൺ |
| 27 | 15/312 | രാമചന്ദ്രൻ | രാമചന്ദ്ര ജുവലറി വർക്സ് |
| 28 | 15/547 | സരസ്വതി അമ്മ | മലഞ്ചരക്ക് വ്യാപാരം |
| 29 | 15/323 | വിജയൻ | തുളസി സ്റ്റോർ |
| 30 | 15/311 | ജയശങ്കർ. എസ് | റെഡിമെയ്ഡ്ഗാർമെന്റ്സ് സ്റ്റിച്ചിംഗ് സെന്റർ |
| 31 | 15/740 | എസ്.ജയകുമാർ | ഡീലക്സ് ഫുഡ് വെയർ |
| 32 | 15/231 | മൈതീൻകുട്ടി | ബൈക്ക് സ്പെയർ പാർട്സ് |
| 33 | 15/806 | സന്തോഷ് കുമാർ. | രാജേഷ് ഇലക്ട്രിക്കൽസ് |

| | | | |
|---|---|---|---|
| | | എൻ | |
| 34 | 15/305 | ഹരിരാജൻ | ടെക്സ്റ്റൈയിൽസ് |
| 35 | 15/727 | നസീർ. എസ് | ഷാന, ഷാലു വെജിറ്റബിൾസ് |
| 36 | 15/754 | മോഹൻകുമാർ | കൊച്ചുകരിക്കകത്തിൽ റബ്ബേഴ്സ് |

വ്യവസായങ്ങൾക്കും ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭകപ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് അനുവദിക്കൽ ചട്ടം സെക്ഷൻ 232(1) പ്രകാരം സെക്രട്ടറി നൽകുന്ന ഒരു ലൈസൻസ് കൂടാതെയും ലൈസൻസിൽ പറഞ്ഞിട്ടുള്ള നിബന്ധനകൾക്കനുസൃതമായല്ലാതെയും പഞ്ചായത്ത് പ്രദേശത്ത് യാതൊരു സ്ഥലവും ഉപയോഗിക്കാൻ പാടില്ല. ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നം. 16 ന് മറുപടി ലഭ്യമാക്കിയിട്ടില്ല.

## 1-14 ലേലം- അപാകതകൾ

ലേലവുമായി ബന്ധപ്പെട്ട ഫയലുകൾ പരിശോധിച്ചതിൽ താഴെപ്പറയുന്ന അപാകതകൾ കാണുന്നു

## 1-14(1) ലേലം- തനത് ഫണ്ടിന് നഷ്ടം

ആനപ്പാറ ചിറ്റാർ നദീതീരത്ത് അപകടാവസ്ഥയിൽ നിന്ന ആഞ്ഞിലിമരം 10.01.2020-ൽ ശ്രീ.ഷാജി.എസ്. ടൈബോനിലയം, മാങ്കോട്ടുകോണം എന്നയാൾക്ക് 851000/- രൂപയക്ക് ലേലം ചെയ്തു നൽകിയിട്ടുണ്ട്. പ്രസ്തുത ലേലത്തിന്റെ നടപടികൾക്ക് ചെലവായ തുകയുടെ വിശദാംശം ആവശ്യപ്പെട്ട് നൽകിയ എൻക്വയറി നം. 7 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. ഫയൽ പരിശോധിച്ചതിൽ ദേശാഭിമാനി പബ്ലിക്കേഷൻസിന് ഇൻവോയിസ് നം.TVM/2019/2813 പ്രകാരം ഈയിനത്തിൽ പത്രപ്പരസ്യം നൽകിയതിന് 6426/- രൂപ നൽകിയിട്ടുണ്ട്.

മേൽ ആഞ്ഞിലി മരം മുറിക്കുന്നതുമായി ബന്ധപ്പെട്ട് വിതുരഗ്രാമപഞ്ചായത്തും ശ്രീ. സുരേന്ദ്രൻനായരുമായി ഉണ്ടായിരുന്ന Os172/91 നം കേസിന്റെ വിധിയിൽ നദീപുറമ്പോക്കിൽ നിൽക്കുന്ന ആഞ്ഞിലിമരത്തിന്റെ 5/12 ഭാഗം സുരേന്ദ്രൻനായർക്ക് അവകാശപ്പെട്ടതാണെന്ന് കോടതി വിധിയുണ്ടായിട്ടുണ്ട്.

06.02.2020-ലെ ഭരണസമിതി തീരുമാനം 17(1) പ്രകാരം ലേലംനടത്തിപ്പുമായി ബന്ധപ്പെട്ടു വരുന്ന ചെലവിന്റെ 5/12ഭാഗം കണക്കാക്കി ടി തുക സുരേന്ദ്രൻനായരിൽ നിന്നും ഈടാക്കിയതിനു ശേഷം ബാക്കി തുക നൽകുന്നതിനാണ് സെക്രട്ടറിയെ ചുമതലപ്പെടുത്തിയിരിക്കുന്നത്. എന്നാൽ ലേലനടപടികൾക്ക് ചെലവായ 6426/-രൂപയുടെ 5/12 ഭാഗമായ 2677.5/- രൂപ കുറവ് ചെയ്യാതെ 851000/- രൂപയുടെ 5/12 ആയ 354583/- രൂപയും ശ്രീ.സുരേന്ദ്രൻ നായർക്ക് കൈമാറിയിട്ടുണ്ട്. ആനുപാതികമായ ചെലവു തുക കുറവ് ചെയ്യാതെ മുഴുവൻ തുകയും നൽകിയതിനാൽ 2678/- രൂപ തനത് ഫണ്ടിന് നഷ്ടം സംഭവിച്ചു.

ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നം.27 ന് ലഭ്യമാക്കിയ മറുപടിയിൽ 2678/- രൂപ ഒടുക്കുന്നതിന് ശ്രീ.സുരേന്ദ്രൻനായർക്ക് അറിയിപ്പ് നൽകിയിട്ടുണ്ടെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. തുക തനത് ഫണ്ടിൽ ഒടുക്കു വരുത്തി റിപ്പോർട്ട് ചെയ്യേണ്ടതാണ്.

## 1-14-2 മാർക്കറ്റ് ലേലം-അപാകതകൾ

ഗ്രാമപഞ്ചായത്ത് വക മാർക്കറ്റും അനുബന്ധ സ്റ്റാളുകളുടേയും കുത്തകാവകാശം 2019-20 സാമ്പത്തിക വർഷത്തേയ്ക്ക് നിലവിലെ കരാർ തുകയുടെ 5% വർദ്ധനവില്ലുള്ള തുകയ്ക്ക് നിലവിലെ കരാറുകാരന് അംഗീകരിച്ചു നൽകുന്നതിന് 8.3.2019ലെ ഭരണസമിതിയുടെ 6(1):ാം നം പ്രകാരം തീരുമാനം എടുത്തിട്ടുണ്ട്. . എന്നാൽ കരാറിന്റെ വിശദാംശം, തുക അടവാക്കിയതിന്റെ വിശദാംശം എന്നിവ ഫയലിൽ ലഭ്യമല്ല. 2018-19 വർഷം 1.02.2019 മുതൽ31.03.2019 വരെ ശ്രീമതി. ബിജിമോൾ എന്ന വ്യക്തി ഒരു മാസത്തേയ്ക്ക് 10000/- രൂപ നിരക്കിലാണ് ലേലം പിടിച്ചിരുന്നത്. ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നം. 7ന് ആധുനിക മത്സ്യമാർക്കറ്റ് പരിസരങ്ങളിലും റോഡിനിരുവശങ്ങളിലും നടത്തി വരുന്ന അനധികൃതവഴിയോര വാണിജ്യം നിരോധിച്ചതിനെതിരെ വഴിയയോരക്കച്ചവടക്കാർ ബഹു. ഹൈക്കോടതിയിൽ കേസ് ഫയൽ ചെയ്തിട്ടുള്ളതിനാൽ കരാർ ഏറ്റെടുത്ത വ്യക്തി കരാർ കാലാവധിയ്ക്കുമുൻപു തന്നെ അത് ഉപേക്ഷിച്ചെന്നും മാർക്കറ്റിന്റെ ലേല നടപടികൾ സ്വീകരിക്കാൻ കഴിഞ്ഞിട്ടില്ലായെന്നും മറുപടി ലഭ്യമാക്കിയിരിക്കുന്നു. തുടർ നടപടി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-15 ഷോപ്പിംഗ് കോംപ്ലക്സ് -വാടക- ഈടാക്കിയിട്ടില്ല

താഴെപ്പറയുന്ന കടമുറികളിൽ നിന്ന് വാടക പൂർണ്ണമായും ഈടാക്കിയിട്ടില്ല.

| കടമുറി | വാടകയ്ക്ക് എടുത്ത വ്യക്തി | മാസവാടക | അടവാക്കാനവശേഷിക്കുന്ന തുക |
|---|---|---|---|
| കാർഷിക വിജ്ഞാന വിപണന കേന്ദ്രം, റൂം നം. 2 | ഷാജിലാൽ, ഇശൽ | 800 | ഒക്ടോബർ 2019-മാർച്ച് 2020 |

| | | | |
|---|---|---|---|
| കാർഷിക വിജ്ഞാന വിപണന കേന്ദ്രം, പബ്ലിക് ടോയ് ലറ്റ് പരിപാലനം | ഷാജിലാൽ, ഇശൽ | 300 | ഒക്ടോബർ 2019-മാർച്ച് 2020 |
| കാർഷിക വിജ്ഞാന വിപണന കേന്ദ്രം,റൂം നം. 8 | ഷാജിലാൽ, ഇശൽ | 800 | ഒക്ടോബർ 2019-മാർച്ച് 2020 |
| കാർഷിക വിജ്ഞാന വിപണന കേന്ദ്രം, റൂം നം. 9 | ഷാജിലാൽ, ഇശൽ | 800 | ഒക്ടോബർ 2019-മാർച്ച് 2020 |

ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നം. 6ന് ശ്രീ.ഷാജിലാൽ വാടകക്കരാർ വയ്ക്കുന്നതിനോ ഡെപ്പോസിറ്റ്, വാടക എന്നിവ ഒടുക്കുന്നതിനോ തയ്യാറായിട്ടില്ലായെന്നും വാടക കുടിശ്ശിക ഒടുക്കുവാൻ തയ്യാറാകാത്ത സാഹചര്യത്തിൽ റവന്യൂറിക്കവറി നടപടികൾ ആരംഭിച്ചിട്ടുണ്ടെന്നും മറുപടി ലഭ്യമാക്കിയിരിക്കുന്നു. തുടർ നടപടി വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്.

## 1-16 രജിസ്റ്ററുകളുടെപരിപാലനം -അപാകതകൾ

കേരള ഫിനാൻഷ്യൽ കോഡ് ആർട്ടിക്കിൾ 147 പ്രകാരം സ്റ്റോറുകൾ കൈപ്പറ്റാൻ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥൻ ആയവ പരിശോധിച്ച് സ്റ്റോക്കിൽ എടുക്കേണ്ടതാണ്. ഫിനാൻഷ്യൽ കോഡ് ആർട്ടിക്കൾ 152 പ്രകാരം സ്റ്റോറുകൾ വിതരണം ചെയ്യുന്ന സമയത്തു തന്നെ വിതരണ വിവരം സ്റ്റോക്ക് അക്കൗണ്ടിൽ ചേർക്കേണ്ടതാണ്.

എന്നാൽ ലഭ്യമാക്കിയ സ്റ്റോക്ക് രജിസ്റ്ററിൽ ഇൻവോയിസ് പ്രകാരം സാധനങ്ങൾ സ്റ്റോക്ക് എടുക്കുന്നതിന്റെയോ ആയവ വിതരണം ചെയ്യുന്നതിന്റെയോ വിശദാംശം പൂർണ്ണമായും രേഖപ്പെടുത്തിയിട്ടില്ല. സ്റ്റോക്ക് രജിസ്റ്ററിൽ ആന്വൽ സ്റ്റോക്ക് എൻട്രി വരുത്തിയിട്ടില്ല ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നം. 31 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. കേരള ഫിനാൻഷ്യൽ കോഡിൽ അനുശാസിക്കും പ്രകാരം സ്റ്റോക്ക് രജിസ്റ്റർപരിപാലിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-17 വിവരാവകാശം- ചട്ടം പാലിച്ചിട്ടില്ല

വിവരാവകാശ ആക്ട്, 2005 സെക്ഷൻ, 7 പ്രകാരം 6-ാം വകുപ്പ് പ്രകാരമുള്ള അപേക്ഷ കൈപ്പറ്റുമ്പോൾ കഴിയുന്നിടത്തോളം പെട്ടെന്നും, ഏതൊരു സംഗതിയിലും അപേക്ഷ കൈപ്പറ്റി മുപ്പതു ദിവസത്തിനുള്ളിലും നിർണ്ണയിച്ചിരിക്കുന്ന ഫീസ് അടച്ചതിൻമേൽ വിവരം നൽകുകയോ 8-ാം വകുപ്പിലോ 9-ാം വകുപ്പിലോ പരാമർശിച്ചിരിക്കുന്ന കാരണങ്ങളിൻമേൽ അപേക്ഷ നിഷേധിക്കുകയോ ചെയ്യാവുന്നതാണ്. വിവരാവകാശ രജിസ്റ്റർ പരിശോധിച്ചതിൽ താഴെപ്പറയുന്നവയിൽ മേൽ നിർദ്ദേശം പാലിച്ചതായി കാണുന്നില്ല.

| ഫയൽ നം | അപേക്ഷക | ആവശ്യപ്പെട്ട രേഖ | റിമാർക്സ് |
|---|---|---|---|
| 10499/19/20.11.2019 | ശ്രീമതി. ബിന്ദു, അഭിൻ ഭവൻ, ശിവൻകോവിൽ ജംഗ്ഷൻ | മസ്റ്റർ റോൾ | മറുപടി നൽകിയതായോ അപേക്ഷ നിഷേധിച്ചതായോ രേഖപ്പെടുത്തലില്ല |
| 11791/19/19.2.19 | മാൻകുന്നിൽ പ്രകാശ്, മാൻകുന്നിൽ വീട് | ഗ്രാമസഭാമിനിട്സ്, പഞ്ചായത്ത് കമ്മിറ്റി തീരുമാനം | മറുപടി നൽകിയതായോ അപേക്ഷ നിഷേധിച്ചതായോ രേഖപ്പെടുത്തലില്ല |
| 11796/19.12.19 | ജി. ഗിരീഷ് കുമാർ, ഗിരീഷ് ഭവൻ | ശ്രീമതി. ലിഷ്. വി. ആറിന്റെ പെൻഷൻ സംബന്ധിച്ച് | മറുപടി നൽകിയതായോ അപേക്ഷ നിഷേധിച്ചതായോ രേഖപ്പെടുത്തലില്ല |
| 12113/19/2.12.19 | ജി. ഗിരീഷ് കുമാർ, ഗിരീഷ് ഭവൻ | 10909/19-ാം നം. പരാതി | മറുപടി നൽകിയതായോ അപേക്ഷ നിഷേധിച്ചതായോ രേഖപ്പെടുത്തലില്ല |

ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നം. 25 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. വിവരാവകാശ നിയമപ്രകാരമുള്ള നടപടിക്രമങ്ങൾ പൂർണ്ണമായി പാലിക്കുന്നുവെന്നുറപ്പ് വരുത്തേണ്ടതാണ്.

## 1-18 പന്നികൾക്കും പട്ടികൾക്കും ലൈസൻസ്- അപാകതകൾ

സ്റ്റാറ്റസ് റിപ്പോർട്ട് പ്രകാരം ലൈസൻസ് ഉള്ള ആകെ നായ്ക്കളുടെ എണ്ണം 450 ആണ്. വാർഷികധനകാര്യ പത്രിക RP-4 പ്രകാരം ഈയിനത്തിലെ വരവ് 70/- രൂപ മാത്രമാണ്. 1998ലെ കേരള പഞ്ചായത്ത് രാജ് (പന്നികൾക്കും പട്ടികൾക്കും ലൈസൻസ് നൽകൽ)ചട്ടങ്ങൾ ചട്ടം 3 പ്രകാരം ഗ്രാമപഞ്ചായത്തിന്റെ ലൈസൻസ് കൂടാതേയും ലൈസൻസിൽ പറഞ്ഞിട്ടുള്ള നിബന്ധനകൾക്കനുസരണമല്ലാതെയും യാതൊരാളും ഗ്രാമപഞ്ചായത്തു പ്രദേശത്ത് നിശ്ചിത തീയതി മുതൽ പട്ടികളേയോ പന്നികളേയോ വളർത്തുവാനോ സൂക്ഷിക്കുവാനോ പാടില്ലെന്ന്പ്രമേയം മൂലം നിശ്ചയിക്കാവുന്നതാണ്. അപ്രകാരം പ്രമേയം പാസാക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശവും വിശദാംശവും സ്റ്റാറ്റസ് റിപ്പോർട്ട് പ്രകാരമുള്ള ലൈസൻസ് ഉള്ള നായ്ക്കളുടെ എണ്ണവും വാർഷിക ധനകാര്യ പത്രിക പ്രകാരമുള്ള വരവും തമ്മിലുള്ള അന്തരത്തിന്റെ കാരണം ആരാഞ്ഞുകൊണ്ട്നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. റിപ്പോർട്ട് ലഭ്യമാക്കേണ്ടതാണ്

## 1-19 Magrac വാങ്ങൽ- ഇ-വേ ബിൽ നൽകിയിട്ടില്ല.

| | |
|---|---|
| പ്രോജക്ട് നമ്പർ | 218/20 |
| പ്രോജക്ടിന്റെ പേര് | ഐ എസ് ഒ റെക്കോർഡ് റൂം സജ്ജീകരിക്കൽ(സ്പിൽ ഓവർ) |
| അടങ്കൽ | 450000 (100000 വികസനഫണ്ട് + 350000 തനത്ഫണ്ട്) |
| ചെലവ് | 300650 (100000+200650) |
| ബിൽ / ചെക്ക് നം. തുക | 08/06.07.19 - 100000<br>457981/01.07.19 – 49600<br>2706387/09.08.19 - 151050 |
| നിർവ്വഹണം | സെക്രട്ടറി |
| എൻക്വയറി നം. | 19/26.03.21 |

പഞ്ചായത്തിൽ ഐ സ് ഒ സർട്ടിഫിക്കേഷൻ നടപ്പാക്കുന്ന പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് മെച്ചപ്പെട്ട റെക്കോർഡ് റൂം സജ്ജീകരിക്കുന്നതിന് Magrac Box വാങ്ങി ഫയലുകൾ തരം തിരിച്ച് അടുക്കിവെക്കുക, ഫയലുകളുടെ Exel Making എന്നിവയാണ് പദ്ധതി കൊണ്ട് ലക്ഷ്യമിട്ടിരിക്കുന്നത്.

A) ഇതിൽ റെക്കോർഡ് റൂം സജ്ജീകരിക്കുന്നതിന് Magrac Box വാങ്ങുന്നതിനായി ക്വട്ടേഷൻ ക്ഷണിച്ചത് പ്രകാരം ക്വാക്സിൽ കൺസൾട്ടൻസ്, ഇരിങ്ങാലക്കുട എന്ന സ്ഥാപനത്തിൽ നിന്നും 800 Magrac 187/-രൂപ നിരക്കിൽ 149600/-രൂപക്ക് വാങ്ങുകയും ചെയ്തിട്ടുണ്ട്. വാങ്ങൽ നടത്തിയപ്പോൾ സ്റ്റോർ പർച്ചേസ് മാന്വൽ 2013പ്രകാരമുള്ള നടപടി ക്രമങ്ങൾ പാലിച്ചിട്ടില്ല. പ്രസ്തുത കമ്പനിയുമായി പഞ്ചായത്ത് എഗ്രിമെന്റ് വെച്ചിട്ടില്ല.

B) സ്ഥാപനം 23.03.19, 01.04.19 എന്നീ തീയതികളിൽ 400 എണ്ണം വീതം റാക്കുകൾ 74800/- രൂപക്ക് നൽകി എന്ന രണ്ട് ഇൻവോയിസുകൾ ആണ് ലഭ്യമാക്കിയിട്ടുള്ളത്. ഇത് ടാക്സ് ഇൻവോയിസുകളോ ഇ-വേ ബില്ലോ അല്ല. ജി.എസ്. ടി ചട്ടങ്ങൾ 2017 ചട്ടം 138 പ്രകാരം 50000/-രൂപക്ക് മുകളിലുള്ള സാധനങ്ങൾ വിതരണം ചെയ്യുമ്പോൾ നിർബന്ധമായും ഇ-വേ ബിൽ ജനറേറ്റ് ചെയ്യേണ്ടതും ഒരു കോപ്പി ഉപഭോക്താവിന് നൽകേണ്ടതുമാണ്. 149600/- രൂപക്ക് സാധനങ്ങൾ വാങ്ങിയെങ്കിലും ഏജൻസി ഇ-വേ ബിൽ നൽകിയിട്ടില്ല. ആയതിൽ നിന്നും പ്രസ്തുത കമ്പനി 149600/- രൂപയുടെ വില്പന വിവരങ്ങൾ സർക്കാരിൽ നിന്ന് മറച്ചുവെക്കാനും അപ്രകാരം നികുതി അടക്കുന്നതിൽ നിന്നും ഒഴിവാകാനുള്ള സാധ്യത ഉണ്ടാവുകയും ചെയ്തു. നിയമപ്രകാരമുള്ള ഇ-വേ ബിൽ ആവശ്യപ്പെടേണ്ടത് സെക്രട്ടറിയുടെ ചുമതലയാണ്. ആയത് സെക്രട്ടറി ഉറപ്പ് വരുത്തിയിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.19/26.03.21) മറുപടി ലഭ്യമാക്കിട്ടില്ല.

വാങ്ങൽ നടത്തുമ്പോൾ സർക്കാർ ഉത്തരവ് പ്രകാരമുള്ള നടപടിക്രമങ്ങൾ മുഴുവനും പാലിക്കേണ്ടതാണ്.

50000/-രൂപക്ക് മുകളിലുള്ള, 25 കിലോമീറ്ററിന് പുറത്തുനിന്നുള്ള, സർക്കാർ ഒഴിവാക്കിയ സാധനങ്ങൾ ഒഴികെയുള്ള വാങ്ങലുകൾ നടത്തുമ്പോൾ നിർബന്ധമായും ഇ-വേ ബിൽ വാങ്ങി സൂക്ഷിക്കേണ്ടതാണ്.

## 1-20 ആനപ്പാറ സബ്സെന്റർ,ലൈബ്രറി എന്നിവിടങ്ങളിലേക്ക് ഫർണിച്ചർ വാങ്ങൽ - സ്റ്റോക്ക്, വിതരണ രേഖകൾ ലഭ്യമാക്കിയിട്ടില്ല – 20000/- രൂപ തടസ്സപ്പെടുത്തുന്നു

| | |
|---|---|
| പ്രോജക്ട് നമ്പർ | 87/20 |

| | |
|---|---|
| പ്രോജക്ടിന്റെ പേര് | ആനപ്പാറ സബ്സെന്റർ,ലൈബ്രറി എന്നിവിടങ്ങളിലേക്ക് ഫർണിച്ചർ വാങ്ങൽ |
| അടങ്കൽ | 30000 (വികസനഫണ്ട്) |
| ചെലവ് | 20000 |
| ബിൽ നം. തുക | 49/31.01.20 |
| നിർവ്വഹണം | സെക്രട്ടറി |
| എൻക്വയറി നം. | 19/26.03.21 |

ആനപ്പാറ സബ്സെന്റർ, ലൈബ്രറി എന്നിവിടങ്ങളിലേക്ക് ഫർണിച്ചർ വാങ്ങൽ എന്ന മേൽ പദ്ധതിയുമായി ബന്ധപ്പെട്ട് കൃപ ഏജൻസീസ്, കല്ലുങ്ക് ജംഗ്ഷൻ, വിതുര എന്ന സ്ഥാപനത്തിൽ നിന്നും ക്വട്ടേഷൻ മുഖേന 400/-രൂപ നിരക്കിൽ 50ഫൈബർ കസേരകൾ(25 വീതം) വാങ്ങിയിട്ടുണ്ട്. പദ്ധതിയുടെ വാങ്ങൽ നടപടിയിൽ താഴെ പറയുന്ന അപാകതകളുണ്ട്.

A) കൃപ ഏജൻസീസ് ലഭ്യമാക്കിയ 20000/- രൂപയുടെ നം. 1/18.01.20 ഇൻവോയിസ് ജി എസ് ടി ഉൾപ്പെടുത്തിയ ബിൽ അല്ല.

B) 50 ഫൈബർ കസേരകൾ സ്റ്റോക്കിലെടുത്തതിന്റെയും സബ്സെന്ററിനും, ലൈബ്രറിക്കും വിതരണം ചെയ്തതിന്റെയും ആയവ കൈപ്പറ്റിയതിന്റേയയം രേഖകൾ ലഭ്യമാക്കിയിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (13/25.03.21) മറുപടി ലഭ്യമാക്കിയിട്ടില്ല. ചെലവ് തുകയുടെ ആധികാരികത ബോധ്യപ്പെട്ടിട്ടില്ലാത്തതിനാൽ 20000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. കസേരകളുടെ സ്റ്റോക്ക് വിതരണ രേഖകൾ ലഭ്യമാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-21 കേരള വാട്ടർ അതോറിറ്റിക്ക് ഡെപ്പോസിറ്റ് പ്രവർത്തികൾക്കായി തുക നൽകിയത് - പണി പൂർത്തീകരിച്ച് വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിട്ടില്ല - 544000/-രൂപ തടസ്സപ്പെടുത്തുന്നു.

| പ്രോജക്ട്നമ്പർ | 254/20 | 63/20 |
|---|---|---|
| പ്രോജക്ടിന്റെ പേര് | പൈപ്പ് ലൈൻ എക്സ്റ്റൻഷൻ | പൈപ്പ് ലൈൻ മാറ്റിസ്ഥാപിക്കൽ-മുളക്കോട്ടുക്കര വാർഡ് |
| അടങ്കൽ | 500000 (ധനകാര്യകമ്മിഷൻ ഗ്രാന്റ്) | 50000 (ധനകാര്യകമ്മിഷൻ ഗ്രാന്റ്) |
| ചെലവ് | 495000 | 49000 |
| ബിൽ നം. തീയതി | 45/23.01.20 | 42/16.02.19 |
| നിർവ്വഹണം | സെക്രട്ടറി | സെക്രട്ടറി |
| ഓഡിറ്റ് എൻക്വയറി | 19/26.03.21 | 15/21.03.21 |

I) നം.254/20പദ്ധതി പ്രകാരം പഞ്ചായത്തിലെ ഗണപതിയോട്, തള്ളച്ചിറ, ചേന്നൻപാറ, തേവിയോട്, മുളക്കോട്ടുക്കര എന്നീ അഞ്ച് വാർഡുകളിലെ കുടിവെള്ള പൈപ്പ് ലൈൻ ദീർഘിപ്പിക്കുന്നതിനായി വാട്ടർ അതോറിറ്റിയിൽ നിന്നും ലഭ്യമായ എസ്റ്റിമേറ്റിന്റെ അടിസ്ഥാനത്തിൽ കേരള വാട്ടർ അതോറിറ്റി എക്സിക്യൂട്ടീവ് എഞ്ചിനീയർ, അരുവിക്കര ക്ക് 495000/-രൂപ മുൻകൂർ നൽകിയിട്ടുണ്ട്.

II) വിതുര ഗ്രാമപഞ്ചായത്തിലെ മുളക്കോട്ടുക്കര വാർഡിൽ പറങ്കിമാംതോട്ടം- ഇടറോഡ് ഭാഗത്ത് കുടിവെള്ളം എത്തിക്കുന്നതിനായി ഉദ്ദേശം 80മീറ്റർ നീളത്തിൽ ഇരുമ്പ് പൈപ്പ് മാറ്റി പി വി സി പൈപ്പ് ലൈൻ സ്ഥാപിക്കുന്നതിന് എസ്റ്റിമേറ്റിന്റെ അടിസ്ഥാനത്തിൽ കേരള വാട്ടർ അതോറിറ്റിക്ക് 49000/-രൂപ മുൻകൂറായി നൽകിയിട്ടുണ്ട്.

മേൽ പ്രവർത്തികൾ പൂർത്തീകരിച്ചത് സംബന്ധിച്ച രേഖകൾ ലഭ്യമാക്കിട്ടില്ല.

സ.ഉ (എം.എസ്)നം.72/2017 ത.സ്വ.ഭ.വ തീയതി 29.03.17 ഖ.8.3(17) പ്രകാരം ഒരു നിക്ഷേപപ്രവൃത്തിക്ക് കേരളജലഅതോറിറ്റി, കേരളസംസ്ഥാനവൈദ്യുതി ബോർഡ്, ഭൂജലവകുപ്പ് എന്നീ സ്ഥാപനങ്ങൾക്ക് തുക മുൻകൂർ നൽകുമ്പോൾ തദ്ദേശഭരണസ്ഥാപനം നിർവ്വഹണ ഏജൻസിയുമായി കരാറിൽ ഏർപ്പെടേണ്ടതാണ്. എന്നാൽ രണ്ട് പദ്ധതികളുടേയും

നിർവ്വഹണത്തിനായി വാട്ടർ അതോറിറ്റിയുമായി പഞ്ചായത്ത് കരാറിൽ ഏർപ്പെട്ടിട്ടില്ല. . ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറികൾക്ക് (നം.15/21.03.21, 19/26.03.21) മറുപടി ലഭ്യമാക്കിയിട്ടില്ല.

പദ്ധതി മാർഗ്ഗരേഖ [സ.ഉ(കൈ)നം.11/2018/ത സ്വ ഭ വ ,തീയതി: 29.01.2018, ഖ. 11-2(ഡി)] പ്രകാരം ഡപ്പോസിറ്റ് വർക്കുകൾ സമയബന്ധിതമായി പൂർത്തിയാക്കാൻ വേണ്ട തുടർപ്രവർത്തനങ്ങൾ തദ്ദേശഭരണ സെക്രട്ടറി സ്വീകരിക്കേണ്ടതും നിർവ്വഹണ പുരോഗതി ഡി പി സി പ്രതിമാസം വിലയിരുത്തേണ്ടതും ബന്ധപ്പെട്ട ഏജൻസിക്ക് ആവശ്യമായ നിർദ്ദേശം നൽകേണ്ടതുമാണ്. എന്നാൽ ഇത്തരം നടപടികൾ പാലിച്ചിട്ടില്ല.

മേൽ പദ്ധതികൾ പൂർത്തീകരിച്ച് മോണിറ്ററിംഗ് റിപ്പോർട്ട്, യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് എന്നിവ സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കുന്നത് വരെ 544000/- (495000+49000) രൂപ യുടെ ചെലവ് തടസ്സത്തിൽ വെക്കുന്നു. പദ്ധതി പൂർത്തീകരിച്ച് ബന്ധപ്പെട്ട രേഖകൾ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-22 വിവിധ പദ്ധതികൾക്കായി കെ എസ് ഇ ബി യിൽ തുക ഡെപ്പോസിറ്റ് ചെയ്തു - വിനിയോഗസാക്ഷ്യപത്രം ലഭ്യമായിട്ടില്ല - 517452/-രൂപ തടസ്സപ്പെടുത്തുന്നു.

സെക്രട്ടറി നിർവ്വഹണം നടത്തിയ, കെ എസ് ഇ ബി യുമായുള്ള താഴെപ്പറയുന്ന ഡെപ്പോസിറ്റ് പ്രവർത്തികളുടെ പൂർത്തീകരണം സംബന്ധിച്ച രേഖകളും ചെലവ് തുകകളുടെ വിനിയോഗസാക്ഷ്യപത്രവും ലഭ്യമാക്കിട്ടില്ല.

| പ്രോജക്ട് നമ്പർ | 36/20 | 253/20 | 288/20 | 294/20 |
|---|---|---|---|---|
| പ്രോജക്ടിന്റെ പേര് | സ്ട്രീറ്റ് ലൈൻ എക്സ്റ്റെൻഷൻ | ഇലക്ട്രിക് പോസ്റ്റ് മാറ്റിസ്ഥാപിക്കൽ | ചെറ്റച്ചൽ വാർഡിലെ പുലിയൂർ-ഇടമല-കരിമാംകുന്ന് കരിമ്പിൻകാല സ്ട്രീറ്റ് മെയിൻ ലൈൻ സ്ഥാപിക്കൽ | ചേന്നൻപാറ വാവറക്കോണം മിനിമാസ്റ്റ് ലൈറ്റിന് പോസ്റ്റ് സ്ഥാപിച്ച് കണക്ഷൻ നൽകൽ |
| അടങ്കൽ | 1200000 (ധനകാര്യ കമ്മീഷൻ ഗ്രാന്റ്) | 200000 (തനത്ഫണ്ട്) | 250000 (തനത്ഫണ്ട്) | 37690 (തനത്ഫണ്ട്) |
| ചെലവ് | 1197325 | 44037 | 238000 | 37690 |
| ബിൽ നം. തീയതി | 17/19.08.19 - 97818<br>18/19.08.19 - 99907<br>27/06.09.19 - 999600 | 8663/03.12.19 - 8663<br>685018/ 02.03.20 - 14815<br>789132/10.03.20 - 20559 | 789121/28.02.20 | 789110/12.02.20 |
| ഓഡിറ്റ് എൻക്വയറി | 15/25.03.21 | 19/26.03.21 | 19/26.03.21 | 19/26.03.21 |

I) സ്ട്രീറ്റ് ലൈൻ എത്തിയിട്ടില്ലാത്ത പഞ്ചായത്തിന്റെ 12 വാർഡുകളിൽ ലൈൻ സ്ഥാപിക്കുന്നതിന് 1200000/- രൂപ വകയിരുത്തി കെ എസ് ഇ ബി ഡെപ്പോസിറ്റ് വർക്കായി ചെയ്യുന്നതാണ് 2019-20ൽ അംഗീകാരം ലഭിച്ച മേൽ പദ്ധതി. കെ എസ് ഇ ബി എസ്റ്റിമേറ്റ് എടുത്ത് നൽകുന്ന മുറക്ക് സെക്രട്ടറിയുമായി നിയമാനുസൃത കരാറിൽ ഏർപ്പെട്ട ശേഷം തുക കെ എസ് ഇ ബി യിൽ ഡപ്പോസ്റ്റ് ചെയ്യുക എന്ന രീതിയിലാണ് വിഭാവനം ചെയ്തിട്ടുള്ളത്. ഇലക്ട്രിക്കൽ ഡിവിഷനുകളിൽ നിന്നും ലഭ്യമായ എസ്റ്റിമേറ്റ് അനുസരിച്ച് ബിൽ നം.17, 18, 27പ്രകാരമുള്ള തുകകൾ യഥാക്രമം പാലോട്, പെരിങ്ങമല, വിതുര എന്നീ ഡിവിഷനുകൾക്ക് മുൻകൂർ കൈമാറിയിട്ടുണ്ട്.

1) ഇതിൽ വിതുര ഇലക്ട്രിക്കൽ ഡിവിഷന് നൽകിയ തുകയുടെ വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയിട്ടുണ്ട്. എന്നാൽ ഏതെല്ലാം വാർഡുകളിൽ പണി പൂർത്തീകരിച്ചിട്ടുണ്ടെന്ന വിവരം ലഭ്യമല്ല. പാലോട്, പെരിങ്ങമല എന്നീ ഡിവിഷനുകൾക്ക് കീഴിലുള്ള വാർഡുകളിലെ പണി പൂർത്തീകരിച്ചത് സംബന്ധിച്ച് രേഖകളില്ല.

2) പദ്ധതി പ്രകാരം കെ എസ് സി ബി സെക്രട്ടറിയുമായി നിയമാനുസൃത കരാറിലേർപ്പെട്ടതിനുശേഷമാണ് തുക ഡെപ്പോസിറ്റ് ചെയ്യേണ്ടത്. എന്നാൽ ഇത്തരത്തിൽ കരാർ വെച്ചിട്ടില്ല.

II) പ്രോജക്ട് നം.253/20 : ഗ്രാമപഞ്ചായത്ത് പരിധിയിൽ റോഡ് വികസനത്തിനും, ജനങ്ങളുടെ ജീവന് ഭീഷണിയുള്ളതുമായ ഇലക്ട്രിക് പോസ്റ്റുകൾ പൊതുജന താല്പര്യാർഥം മാറ്റുന്നതിന് ആനപ്പാറ, മുളക്കോട്ടുക്കര, കളീക്കൽചീപ്പിൻ, ഗണപതിയോട്, പൊന്നാംചുണ്ട്, ചേന്നൻപാറ എന്നിവിടങ്ങളിൽ നിന്നുള്ള അപേക്ഷയനുസരിച്ച് ലഭ്യമാക്കിയ എസ്റ്റിമേറ്റുകൾ പ്രകാരം 44037/- രൂപ കെ എസ് ഇ ബി യുടെ വിതുര ഇലക്ട്രിക്കൽ സെക്ഷന് നൽകിയിട്ടുണ്ട്.

III) പ്രോജക്ട് നം.288/20 : ചെറ്റച്ചൽ വാർഡിലെ പുലിയൂർ- ഇടമല- കരിമാംകുന്ന് കരിമ്പിൻകാല സ്ട്രീറ്റ് മെയിൻ ലൈൻ എക്സ്റ്റൻഷൻ നടത്തി തെരുവ് വിളക്കുകൾ സ്ഥാപിക്കുന്നതിന് എസ്റ്റിമേറ്റ് പ്രകാരം 238000/-രൂപ കെ എസ് ഇ ബി യുടെ പാലോട് ഇലക്ട്രിക്കൽ സെക്ഷന് നൽകിയിട്ടുണ്ട്.

IV) പ്രോജക്ട് നം.294/20 : ചേന്നൻപാറ- വാവരക്കോണം ഭാഗത്തുള്ള പുതിയ മിനിമാസ്റ്റ് ലൈറ്റിന് പോസ്റ്റ് സ്ഥാപിച്ച് വൈദ്യുതി കണക്ഷൻ ലഭ്യമാക്കുന്നതിന് എസ്റ്റിമേറ്റ് പ്രകാരം 37690/-രൂപ കെ എസ് ഇ ബി യുടെ വിതുര ഇലക്ട്രിക്കൽ സെക്ഷന് നൽകിയിട്ടുണ്ട്.

- സ.ഉ (എം.എസ്)നം.72/2017 ത.സ്വ.ഭ.വ തീയതി 29.03.17 ഖ.8.3(17) പ്രകാരം ഒരു നിക്ഷേപപ്രവൃത്തിക്ക് കേരളജലഅതോറിറ്റി, കേരളസംസ്ഥാനവൈദ്യുതി ബോർഡ്, ഭൂജലവകുപ്പ് എന്നീ സ്ഥാപനങ്ങൾക്ക് തുക മുൻകൂർ നൽകുമ്പോൾ തദ്ദേശഭരണസ്ഥാപനം നിർവ്വഹണ ഏജൻസിയുമായി കരാറിൽ ഏർപ്പെടേണ്ടതാണ്. മേൽ ഡെപ്പോസിറ്റ് പ്രവർത്തികൾക്കായി ഗ്രാമപഞ്ചായത്ത് കെ എസ് ഇ ബി യുമായി നിയമാനുസൃത കരാറിൽ ഏർപ്പെട്ടിട്ടില്ല.
- പദ്ധതികളുടെ പൂർത്തീകരണപത്രം, ഫൈനൽ ബില്ലിന്റെ പകർപ്പ്, വിനിയോഗ സാക്ഷ്യപത്രം എന്നിവ ലഭ്യമാക്കിയിട്ടില്ല. മാത്രമല്ല, പദ്ധതികളുടെ മോണിറ്ററിംഗ് നടന്നിട്ടില്ല.

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറികൾക്ക് (നം.15/21.03.21, 19/26.03.21) മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ പദ്ധതികൾ പൂർത്തീകരിച്ച് മോണിറ്ററിംഗ് റിപ്പോർട്ട്, യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് എന്നിവ സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കുന്നത് വരെ 517452/- (197725+44037+238000+37690) രൂപ യുടെ ചെലവ് തടസ്സത്തിൽ വെക്കുന്നു. പദ്ധതി പൂർത്തീകരിച്ച് ബന്ധപ്പെട്ട രേഖകൾ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-23-1 പ്രൊക്യൂർമെന്റ് കമ്മിറ്റി - പ്രവർത്തനത്തിലെ അപാകതകൾ

സ.ഉ.പി(നം) 259/2010/ത.സ്വ.ഭ.വ തീ 08.11.2010, 2013ലെ സ്റ്റോർ പർച്ചേസ് മാന്വൽ ഖണ്ഡിക 6.1 എന്നിവ പ്രകാരം വാങ്ങേണ്ടിവരുന്ന സാധനങ്ങളുടെയും സേവനങ്ങളുടെയും മൊത്തത്തിലുള്ള കണക്കെടുപ്പ് സാമ്പത്തികവർഷാരംഭത്തിൽ തന്നെ നടത്തുകയും ബാധകമായ നടപടിക്രമം അനുസരിച്ച് വാങ്ങൽ നടത്തേണ്ടതുമാണ്. എന്നാൽ, പ്രൊക്യൂർമെന്റ് കമ്മിറ്റിയുടെ മിനുട്സ് പരിശോധിച്ചതിൽ ഇത്തരത്തിലൊരു കണക്കെടുപ്പ് നടത്തിയിട്ടുള്ളതായി കാണുന്നില്ല.

വാങ്ങൽ പദ്ധതിയുടെ തുക നിശ്ചയിക്കുക, അംഗീകാരവും ഫണ്ടുകളും ഉറപ്പാക്കുക, ടെണ്ടർ നടപടിക്രമങ്ങൾ കൈക്കൊള്ളുക, വാങ്ങുന്ന സാധനങ്ങളുടെ ഗുണനിലവാരം ഉറപ്പാക്കുക മുതലായവയെല്ലാം പ്രൊക്യൂർമെന്റ് ടീമിന്റെ ചുമതലയിൽപ്പെടുന്നവയാണ്. എന്നാൽ പ്രസ്തുത ചുമതലകളെല്ലാം കമ്മിറ്റി നിർവ്വഹിക്കുന്നതായി കാണുന്നില്ല. വാങ്ങുന്ന സാധനങ്ങളുടെയെല്ലാം സാമ്പിളുകൾ ഹാജരാക്കാൻ ആവശ്യപ്പെടുന്നുണ്ടെങ്കിലും അവയുടെ ഗുണനിലവാരം, നൽകുന്ന തുകയുടെ മൂല്യത്തിനുള്ള സാധനങ്ങൾ ലഭ്യമാകുന്നോ എന്നിവ പരിശോധിക്കപ്പെട്ടിട്ടില്ല. (ഖ കാണുക)

നിലവിലുള്ള വ്യവസ്ഥകൾ പാലിച്ച് പ്രൊക്യൂർമെന്റ് കമ്മിറ്റിയുടെ പ്രവർത്തനങ്ങൾ ഊർജ്ജിതമാക്കുന്നതിലേക്ക് ഭരണസമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

## 1-23-2 CPRCS പോർട്ടൽ വഴി വാങ്ങൽ- കുറവ് മൂല്യമുള്ള സാധനങ്ങൾ ലഭ്യമാക്കി - ബാക്കി തുക തിരിയെ ഈടാക്കിയില്ല – 61061/- രൂപ തടസ്സപ്പെടുത്തുന്നു.

| | | |
|---|---|---|
| പ്രോജക്ട് നമ്പർ | 59/20 | 57/20 |
| പ്രോജക്ടിന്റെ പേര് | പഞ്ചായത്ത് ഓഫീസിലേക്ക് കംപ്യൂട്ടർ, പ്രിന്റർ വാങ്ങൽ | വി ഇ ഒ ഓഫീസിലേക്ക് കംപ്യൂട്ടർ, പ്രിന്റർ എന്നിവ വാങ്ങൽ |
| അടങ്കൽ | 140000 (വികസനഫണ്ട് ജനറൽ) | 50000 (വികസനഫണ്ട് ജനറൽ) |
| ചെലവ് | 128077 | 48005 |
| ബിൽ നം. തുക | 41/23.11.19 | 31/18.01.20 |
| നിർവ്വഹണം | സെക്രട്ടറി | വി ഇ ഒ |

| | | |
|---|---|---|
| എൻക്വയറി | 13/25.03.21 | 30/29.03.21 |

I) പ്രോജക്ട് നം.59/20 : ഇ-ഗവേണൻസ് പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായി പഞ്ചായത്ത് ഓഫീസിലേക്ക് 3കംപ്യൂട്ടറും 2 മൾട്ടി ഫങ്ഷൻ പ്രിന്ററും വാങ്ങുന്നതാണ് പദ്ധതി. സ.ഉ(സാധാ)നം.25/2018/ITD/01.02.2018 നിർദേശമനുസരിച്ച് കേരള സ്റ്റേറ്റ് ഐ ടി മിഷന്റെ കീഴിലുള്ള CPRCS പോർട്ടൽ വഴി വാങ്ങുന്നതിനായി ഓർഡർ നൽകുകയും 31.12.19 ൽ 32875/- രൂപ നിരക്കിൽ Desktop (32875*3=98625), 14726/-രൂപയുടെ Multi Function Printerഎന്നിവയുടെ പ്രഫോർമ ഇൻവോയിസ് സപ്ലൈ ഏജൻസിയായ കെൽട്രോൺ നൽകുകയും ചെയ്തിട്ടുണ്ട്. ഇത് പ്രകാരം 128077/- രൂപ കേരള സ്റ്റേറ്റ് ഐ ടി മിഷന് മുൻകൂറായി നൽകിയിട്ടുണ്ട്.

താഴെപ്പറയുന്ന പ്രകാരം കംപ്യൂട്ടർ ലഭ്യമായിട്ടുണ്ട്. എന്നാൽ പ്രിന്റർ ലഭ്യമായ രേഖകളില്ല.

| ഇനം | ടാക്സ് ഇൻവോയിസ് നം, തുക | പ്രൊഫോർമ ഇൻവോയിസ് പ്രകാരം മുൻകൂർ നൽകിയ തുക |
|---|---|---|
| Acer Computer 3 എണ്ണം | Acer India Private Ltd PYS12007309/22.06.20 3* 31611 = 94833 | 98625 |
| പ്രിന്റർ 2 എണ്ണം | ഇൻവോയിസ് ലഭ്യമാക്കിയിട്ടില്ല. | 29452 |

A) ഇൻവോയിസ് പ്രകാരം 94833/-രൂപയുടെ (ജി എസ് ടി അടക്കം) മൂല്യത്തിലുള്ള കംപ്യൂട്ടറുകളാണ് ലഭ്യമായിട്ടുള്ളത്. മുൻകൂർ നൽകിയതുകയിൽ ബാക്കി വരുന്ന 3792/-രൂപ കേരള സ്റ്റേറ്റ് ഐ ടി മിഷനിൽ നിന്നും തിരികെ ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടില്ല.

B) ഓർഡർ നൽകിയ പ്രിന്ററുകൾ ലഭ്യമായതിന്റെ ടാക്സ് ഇൻവോയിസ് പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.

C) ലഭ്യമായ കംപ്യൂട്ടർ, പ്രിന്റർ എന്നിവ ഇൻവോയിസ് പ്രകാരം സ്റ്റോക്കിലെടുത്ത് സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല.

ഇൻവോയിസ് ലഭ്യമല്ലാത്തതിനാൽ പ്രിന്റർ വാങ്ങിയ ഇനത്തിൽ ചെലവഴിച്ച 29452/- രൂപയുടെ കൃത്യത ബോധ്യപ്പെട്ടിട്ടില്ലാത്തതിനാലും കംപ്യൂട്ടറിന് നൽകിയ മുൻകൂർ തുകയിൽ ബാക്കിയുള്ള 3792/-രൂപ തിരികെ ഈടാക്കാത്തതിനാലും 33244/-രൂപ (29452+3792)തടസ്സത്തിൽ വെക്കുന്നു.

II) പ്രോജക്ട് നം. 57/20 : വി ഇ ഒ ഓഫീസിലേക്ക് കംപ്യൂട്ടർ, പ്രിന്റർ എന്നിവ CPRCS പോർട്ടൽ വഴി വാങ്ങുന്നതിനായി ഓർഡർ നൽകുകയും കെൽട്രോണിൽ നിന്നും ലഭിച്ച പ്രൊഫോർമ ഇൻവോയിസ് പ്രകാരം 48005/-രൂപ ഐ ടി മിഷന് നൽകുകയും ചെയ്തിട്ടുണ്ട്. ആയവ താഴെപ്പറയുന്ന പ്രകാരം ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്.

| ഇനം | ടാക്സ് ഇൻവോയിസ് നം, തുക | പ്രൊഫോർമ ഇൻവോയിസ് പ്രകാരം മുൻകൂർ നൽകിയ തുക |
|---|---|---|
| Acer Computer | Acer India Private Ltd PSY120007013/19.06.20 31611/- | 33154 |
| A4 മൾട്ടി ഫങ്ഷൻ പ്രിന്റർ | ITP/08328/20-21/31.12.20 14845/- | 14845 |

ഇൻവോയിസ് പ്രകാരം 31611/-രൂപയുടെ (ജി എസ് ടി അടക്കം) മൂല്യത്തിലുള്ള കംപ്യൂട്ടറാണ് ലഭ്യമായിട്ടുള്ളത്. മുൻകൂർ നൽകിയതുകയിൽ ബാക്കി വരുന്ന 1543/-രൂപ കേരള സ്റ്റേറ്റ് ഐ ടി മിഷനിൽ നിന്നും തിരികെ ഈടാക്കിയിട്ടില്ല. ആയത് തിരികെ ഈടാക്കുന്നത് വരെ 1543/-രൂപയുടെ ചെലവ് തടസ്സത്തിൽ വെക്കുന്നു. അവശേഷിക്കുന്ന തുക ഐടി മിഷനിൽ നിന്നും തിരികെ ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് ഓഡിറ്റ് എൻക്വയറിക്ക് (നം.30/29.03.21) മറുപടി നൽകിയിട്ടുണ്ട്.

III) അസിസ്റ്റന്റ് സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായ താഴെ പറയുന്ന പദ്ധതികളിലും നൽകിയ തുകയുടെ മൂല്യത്തിലുള്ള ഉപകരണങ്ങൾ ലഭ്യമായിട്ടില്ല. ബിൽ പ്രകാരമുള്ള തുക കേരള ഐ ടി മിഷന് നൽകിയിട്ടുണ്ട്. അധികമായി നൽകിയ 26274/- രൂപ തടസ്സപ്പെടുത്തുന്നു.

| പദ്ധതിയുടെ പേരും നമ്പറും | 21/20 ജെന്റർ റിസോഴ്സ് സെന്റർ | 07/20 SCവിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് | 33/20 ST വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് |
|---|---|---|---|
| അടങ്കൽ | 200000 (വികസനഫണ്ട് ജനറൽ) | 280000(വികസനഫണ്ട് SCP) | 750000(വികസനഫണ്ട് TSP) |
| ബിൽ നം. തീയതി | 24/18.01.20 | 16/20.01.20 | 19/20.01.20 |
| നൽകിയ തുക | 47601 | 204327 | 431357 |
| ലഭിച്ച സാധനങ്ങളുടെ മൂല്യം/ ഇൻവോയിസ് നം. | Acer Computer - 31611 (PYS120007306) HP Printer – 14160 (J9PMD85979) | Lenovo Laptop- 196470 (RV200105001800) | Lenovo Laptop – 414770 (RV200105001799) |
| കുറവ് തുക | 1830 | 7857 | 16587 |
| | | | ആകെ കുറവ് - 26274/- |

കെൽട്രോണിൽ നിന്നും പ്രിന്ററുകൾ ലഭിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ രേഖകൾ പരിശോധനക്ക് ഹാജരാക്കിയും കേരള ഐ ടി മിഷനിൽ നിന്നും ലഭിക്കാനുള്ള തുകകൾ തിരികെ ഈടാക്കിയും 61061/- രൂപയുടെ (33244+ 1543 +26274) ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-24 ഏറ്റെടുത്ത സ്പിൽ ഓവർ പദ്ധതികൾ പൂർത്തീകരിക്കരിച്ചിട്ടില്ല.

2019-20 ൽ സ്പിൽ ഓവറായി ഉൾപ്പെടുത്തിയിരുന്ന മുഴുവൻ പദ്ധതികൾക്കും സുലേഖ പത്രിക പ്രകാരം ചെലവ് നടന്നിട്ടില്ലാത്തതായി കാണുന്നു. ജി.ഒ.(എം.എസ്) നം72/2017ത.സ്വ.ഭ.വ.തിരുവനന്തപുരം 29/03/2017 പ്രകാരം സ്പിൽ ഓവറായി മാറുന്ന പദ്ധതികൾ നിർബന്ധമായും അതേ വർഷം തന്നെ പൂർത്തിയാക്കണം എന്ന് നിഷ്കർഷിക്കുന്നുണ്ട്.എന്നാൽ ഇത്തരത്തിൽ ഏറ്റെടുത്ത മുഴുവൻ പദ്ധതികളും ഗ്രാമപഞ്ചായത്ത് പൂർത്തീകരിച്ചിട്ടില്ല.വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | പദ്ധതി നം | പദ്ധതി പേര് | അടങ്കൽ |
|---|---|---|---|
| 1 | 229/20 | കെ.പി.എസ്.എം.അംഗനവാടി നിർമ്മാണം | 593000 |
| 2 | 230/20 | പൊന്നമ്പിക്കോണം റോഡ് കോൺക്രീറ്റിംഗ് | 49900 |
| 3 | 231/20 | ബോണക്കാട് വാർഡിൽ കുടിവെള്ളം ലഭ്യമാക്കൽ | 480000 |
| 4 | 232/20 | പഞ്ചായത്ത് ഓഫീസ് കെട്ടിടങ്ങൾ റീ വയറിംഗ് | 495000 |
| 5 | 234/20 | മൂന്ന് മുക്ക്-എലിക്കോണം റോഡ് സെക്കന്റ് മെറ്റലിംഗ് ടാറിംഗ് | 900000 |
| 6 | 235/20 | ഒഴുകുപാറ കമ്മ്യൂണിറ്റി | 400000 |
| 7 | 236/20 | പഞ്ചായത്ത് കമ്മ്യൂണിറ്റി ഹാൾ ടോയ്ലറ്റ് മെയിന്റനൻസ് | 75894 |
| 8 | 239/20 | തള്ളച്ചിറ കിഴക്കും കര തടം കോൺക്രീറ്റിംഗ് | 250000 |
| | | | |

| | | | |
|---|---|---|---|
| 9 | 240/20 | പോലീസ് സ്റ്റേഷൻ മൈലക്കോണം റോഡ് ടാറിംഗ് | 900000 |
| 10 | 242/20 | ചന്തമുക്ക് താവയ്ക്കൽ ബെലിക്കടവ് റോഡ് ടാറിംഗ് | 900000 |
| 11 | 243/20 | ഇറയൻകോട് മുതൽ ചരുവിള റോഡ് ഓട കലുങ്ക് കോൺക്രീറ്റ് | 500000 |
| 12 | 244/20 | ഊളൻകോട് മരുതാമല ഇടവഴി കോൺക്രീറ്റിംഗ് | 270000 |
| 13 | 251/20 | തുമ്പൂർ മൂഴി സ്ഥാപിക്കൽ. | 1350000 |

മേൽ വിവരം ഓഡിറ്റ് എൻക്വയറി നം 20 തീയതി-27/03/21 പ്രകാരം അസിസ്റ്റന്റ് എഞ്ചിനീയറെ ബോധ്യപ്പെടുത്തിയിട്ടുണ്ട്.

## 1-25 ഗ്രാമസഭകൾ - ഉത്തരവാദിത്വങ്ങൾ നിറവേറ്റുന്നില്ല

1994ലെ കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 3(3)ലെ നിർദ്ദേശപ്രകാരം ഗ്രാമസഭകൾ മൂന്നു മാസത്തിലൊരിക്കലെങ്കിലും കൂടേണ്ടതാണ്. എന്നാൽ വിതുര പഞ്ചായത്തിലെ മിക്ക ഗ്രാമസഭകളും വിവിധ പദ്ധതികളുടെ ഗുണഭോക്താക്കളെ തിരഞ്ഞെടുക്കാൻ വേണ്ടി മാത്രമാണ് യോഗം ചേർന്നിട്ടുള്ളത്.

നിയമപരമായ ഒരു ബാദ്ധ്യത നിറവേറ്റുന്ന എന്നതല്ലാതെ ഗ്രാമസഭകൾ പദ്ധതിപ്രവർത്തനങ്ങളിലോ ഭരണനിർവ്വഹണത്തിലോ കാര്യമായ ഒരു പങ്കും വഹിക്കുന്നില്ല. വികസനപ്രവർത്തനങ്ങളുടെ ആസൂത്രണമോ അവയുടെ നിർവ്വഹണം സംബന്ധിച്ച അവലോകനമോ ഉണ്ടാകുന്നില്ല. പരിസ്ഥിതി സംരക്ഷണം, മലിനീകരണനിയന്ത്രണം എന്നിവയ്ക്കു വേണ്ടിയുള്ള നൂതന ആശയങ്ങൾ ഒന്നും ഗ്രാമസഭകളിൽ ഉരുത്തിരിയുന്നില്ല. ഓഡിറ്റ് റിപ്പോർട്ടുകൾ ഗ്രാമസഭകളിൽ ചർച്ച ചെയ്യേണ്ടതാണെന്ന വ്യവസ്ഥയും പാലിക്കപ്പെടുന്നില്ല.

ഗ്രാമസഭകൾ അവയിൽ നിക്ഷിപ്തമായ ചുമതലകൾ ആവശ്യമായ ജനപങ്കാളിത്തത്തോടെ നിർവ്വഹിക്കുന്നു എന്ന് ഭരണസമിതി ഉറപ്പാക്കേണ്ടതാണ്.

## 1-26 ഇ-ടെണ്ടർ ഫാറം വില തിരികെ ലഭിക്കാൻ അവശേഷിക്കുന്നു.

ഗ്രാമപഞ്ചായത്തിൽ 2016-17 മുതൽ 2019-20 സാമ്പത്തിക വർഷം വരെ ഇ-ടെണ്ടർ ചെയ്ത മരാമത്ത് പ്രവൃത്തികളിൽ നിന്നും ഇ-ടെണ്ടർ ഫാറം വിലയിനത്തിൽ ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്ത തുക നാളിതുവരെ ഗ്രാമ പഞ്ചായത്തിന് തിരികെ ലഭിച്ചിട്ടില്ല. ഓഡിറ്റ് എൻക്വയറിക്ക് നൽകിയ മറുപടിയിൽ നിന്നും ചുവടെ പറയും പ്രകാരം തുക ലഭിക്കാനുണ്ടെന്ന് വ്യക്തമാകുന്നു.

| വർഷം | ലഭിക്കാനുള്ള തുക |
|---|---|
| 2016-17 | 89930 |
| 2017-18 | 199340 |
| 2018-19 | 78720 |

ഇ-ടെണ്ടർ ഫാറം വില തിരികെ ലഭിക്കാൻ വേണ്ട നടപടികൾ ഊർജ്ജിതപ്പെടുത്തേണ്ടതാണ്.

## 1-27 ക്ഷേമ പദ്ധതികളുടെ നടത്തിപ്പിലെ അപാകതകൾ

അസിസ്റ്റന്റ് സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായ പദ്ധതികളുടെ ഓഡിറ്റിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു

I) 156/20 – തുടർസാക്ഷരതാപദ്ധതി

ബിൽ നം 5/27.09.19 പ്രകാരം 202500/-രൂ സാക്ഷരതാമിഷന് കൈമാറിയിട്ടുണ്ട്.

1) 68100/-രൂ സാക്ഷരതാമിഷൻ കൈപ്പറ്റിയതായി രേഖയില്ല. ഏത് കോഴ്സിനാണ് ഈ തുക ഒടുക്കിയതെന്ന് ഫയലിൽ വ്യക്തമല്ല.

2) പദ്ധതിക്ക് ഗ്രാമസഭ അംഗീകരിച്ച ഗുണഭോക്താതുലിസ്റ്റില്ല. ഭരണസമിതിയുടെ നിർദ്ദേശപ്രകാരമുള്ള വ്യക്തികളാണ് ഗുണഭോക്താക്കൾ. പ്രസ്തുത ലിസ്റ്റിന് ഗ്രാമസഭയുടെ അംഗീകാരം വാങ്ങേണ്ടതാണെന്ന് മിനുട്സിൽ പരാമർശിച്ചിട്ടുണ്ടെങ്കിലും നാളിതുവരെ ആയതിന് അംഗീകാരം ലഭ്യമായിട്ടില്ല.

3) പ്രതികൂലസാഹചര്യങ്ങളിൽ പഠനം മുടങ്ങിയവർക്ക് തുടർപഠനം സാദ്ധ്യമാക്കുന്നതിനാണ് പദ്ധതി ആവിഷ്കരിച്ചിട്ടുള്ളത്. "'Good English" എന്ന കോഴ്സിന് രജിസ്റ്റർ ചെയ്തവരിൽ ഭൂരിഭാഗവും 25 വയസ്സിനു താഴെ പ്രായമുള്ള വിദ്യാർത്ഥികളാണ്.

4) ഗുണഭോക്താക്കളുടെ അപേക്ഷകളോ അവർ കോഴ്സ് പൂർത്തിയാക്കിയതായുള്ള സർട്ടിഫിക്കറ്റുകളുടെ പകർപ്പുകളോ ഫയലിൽ ലഭ്യമല്ല.

II) <u>541 – പാഥേയം</u>

60 വയസ്സ കഴിഞ്ഞ അശരണരായവർക്ക് പാകം ചെയ്ത ഭക്ഷണം കുടുംബശ്രീ മുഖന വീടുകളിലെത്തിക്കുന്നതിനാണ് പദ്ധതി വിഭാവനം ചെയ്തിട്ടുള്ളത്.

ബിൽ നം. 18/20.01.20 മുഖേന297972/-രൂ ജില്ലാ പഞ്ചായത്തിന് കൈമാറിയിട്ടുണ്ട് 132 ഗുണഭോക്താക്കളുടെ ലിസ്റ്റും ഇതിനനുബന്ധമായി നൽകിയിട്ടുണ്ട്. എന്നാൽ ഈ പദ്ധതി കൊണ്ടുള്ള പ്രയോജനം പഞ്ചായത്തിൽ ആർക്കെങ്കിലും ലഭിച്ചിട്ടുണ്ടോ എന്ന ഒരു അന്വേഷണം മോണിറ്ററിംഗ് സമിതിയായി പ്രവർത്തിക്കേണ്ട ദാരിദ്ര്യലഘൂകരണം വർക്കിംഗ് ഗ്രൂപ്പ് നാളിതുവരെ നടത്തിയിട്ടില്ല. ഗുണഭോക്താക്കളെ കണ്ടെത്തിയതെങ്ങനെ എന്നതും ഫയലിൽ വ്യക്തമല്ല.

III) <u>21/20 – ഗ്രാമപഞ്ചായത്ത് തല ജെൻഡർ റിസോഴ്സ് സെൻറർ</u>

സ്ത്രീകളുടെ ജീവിതസാഹചര്യങ്ങളെ സ്വന്തം അനുഭവങ്ങളിലൂടെ വിശകലനം ചെയ്ത് അവരെ മുഖ്യധാരയിലേക്ക് എത്തിക്കുന്നതിനും സുരക്ഷിതമായ സാമൂഹിക ഇടം സൃഷ്ടിക്കുന്നതിനും വേണ്ടിയുള്ള പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് നടപ്പാക്കുക എന്നതാണ് പദ്ധതിയുടെ ലക്ഷ്യം. ഇതിനായി 183279/-രൂ ചെലവഴിച്ച് ഓഫീസ് സജ്ജീകരിക്കുകയും കമ്പ്യൂട്ടറും മറ്റുപകരണങ്ങളും വാങ്ങുകയും ചെയ്തിട്ടുണ്ട്. എന്നാൽ ഇതിനായി ക്ഷേമകാര്യസ്റ്റാൻഡിംഗ് കമ്മിറ്റി ചെയർപേഴ്സൺ അദ്ധ്യക്ഷയായ 15 അംഗ കമ്മിറ്റി രൂപീകരിച്ചതായോ എന്തെങ്കിലും പ്രയോജനകരമായ പ്രവർത്തനങ്ങൾ ചെയ്തതായോ രേഖയില്ല. ഇതു സംബന്ധിച്ചുള്ള ഓഡിറ്റ് എൻക്വയറിക്കും മറുപടി ലഭ്യമാക്കിയിട്ടില്ല.
പദ്ധതി നിർവ്വഹണത്തിൽ സർക്കാർ നിർദ്ദേശങ്ങൾ പാലിക്കുന്നതിലും മേൽപ്പറഞ്ഞ അപാകതകൾ ഭാവിയിൽ ഉണ്ടാകാതിരിക്കുന്നതിനും അധികാരികളുടെ സത്വരശ്രദ്ധ ഉണ്ടാകേണ്ടതാണ്.

## <u>1-28 റോഡ് കണക്ടിവിറ്റി മാപ്പ് തയ്യാറാക്കിയിട്ടില്ല.</u>

പതിമൂന്നാം പഞ്ചവൽസര പദ്ധതിയിലെ ആദ്യ വാർഷിക പദ്ധതി തയ്യാറാക്കൽ മാർഗ്ഗനിർദ്ദേശങ്ങൾ ജി.ഒ (എം.എസ്)നംപർ 72/2017/ ത.സ്വ.ഭ.വ /29-3-2017 ലെ ഖണ്ഡിക 12.10(1) പ്രകാരം ഓരോ തദ്ദേശ സ്ഥാപനവും റോഡ് കണക്ടിവിറ്റി ഭൂപടവും റോഡ് കണക്ടിവിറ്റി പദ്ധതിയും തയ്യാറാക്കുകയും റോഡ് വികസനം റോഡ് കണക്റ്റിവിറ്റി മാപ്പിന്റെ അടിസ്ഥാനത്തിൽ നിർവഹിക്കാൻ ശ്രദ്ധിക്കേണ്ടതാണെന്നും നിഷ്കർഷിക്കുന്നുണ്ട്. ഗ്രാമപഞ്ചായത്ത് നിർവഹണം നടത്തിയ റോഡ് ടാറിംഗ് റോഡ് കോൺക്രീറ്റ് പ്രവൃത്തികൾ ഏറ്റെടുത്തിരിക്കുന്നത് കണക്ടിവിറ്റി മാപ്പ് തയ്യാറാക്കാതെയാണ്.ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (ഓഡിറ്റ് എൻക്വയറി നം21 തീയതി-27/03/21) മറുപടി ലഭ്യമാക്കിയില്ല.

## <u>ഭാഗം -2</u>

## <u>വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ</u>

[<u>KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]</u>

<u>ഇല്ല.</u>

## <u>ഭാഗം -3</u>

## <u>ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ</u>

[<u>KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം</u>]

<u>ഇല്ല.</u>

## <u>ഭാഗം -4</u>

## <u>4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം</u>

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| ബ്ളോക്ക് പഞ്ചായത്ത് | 2019-20 | 139500 | ഭിന്നശേഷി സ്കോളർഷിപ്പ് | 139500 | 0 |
| | | 300000 | പ്ളാസ്റ്റിക് നിർമ്മാർജ്ജനം | 35000 | 265000 |
| | | 100000 | അഗതി രഹിത കേരളം | 100000 | 0 |
| | | 100000 | ക്ഷീരസമൃദ്ധി | 0 | 100000 |

## 4-2 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ബാക്കിയുള്ള തുക |
|---|---|---|---|---|
| എസ് എസ് എ | എസ് എസ് എ ഷെയർ | 1200000 | 1200000 | 0 |
| സാമൂഹ്യസുരക്ഷാ മിഷൻ | | 300000 | 300000 | 0 |
| കെ.എസ്.ഇ.ബി | Street Line Extension | 1197325 | 1197325 | 0 |
| കേരള വാട്ടർ അതോറിറ്റി | പൈപ്പ് ലൈൻ നീട്ടൽ | 544000 | 544000 | 0 |

## 4.3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് (ഉണ്ടെങ്കിൽ)

ഇല്ല

## 4.4 വായ്പ/ വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തീയതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ലൈഫ് ഭവനപദ്ധതി | വിവരം ലഭ്യമാക്കിയില്ല | 70000000 | 25363387 | 5279412 | | 45863588 |

## 4.5 സ്ഥിരനിക്ഷേപങ്ങൾ

| സർട്ടിഫിക്കറ്റ് നമ്പർ. | നിക്ഷേപ തുക | മെച്യൂരിറ്റി തീയതി | ലഭിച്ച പലിശ | നിക്ഷേപിച്ചിരിക്കുന്ന സ്ഥാപനം |
|---|---|---|---|---|
| ഇല്ല | | | | |

## 4.6 ഓഡിറ്റ് റിക്കവറി

| ക്രമ നം | റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യാഗപ്പേരും | രസീത് നം / തീയതി |
|---|---|---|---|---|---|
| 1 | 2015-16 | 3.1 | 10124 | നിഷ പിള്ള | 120010101199, 1200 തീ: 04.08.2020 |

| | | | | | |
|---|---|---|---|---|---|
| | | | | അസി. എഞ്ചിനീയർ | |
| 2 | 2015-16 | 3.2 | 15684 | നിഷ പിള്ള അസി. എഞ്ചിനീയർ | 120010101201, 1202 തീ: 04.08.2020 |
| 3 | 2015-16 | 3.4 | 38754 | നിഷ പിള്ള അസി. എഞ്ചിനീയർ | 120010101203, തീ: 04.08.2020 |

## 4.7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

ഇല്ല

## 4.8 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 128260966 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 120404846 |
| വരവിനങ്ങളിലുള്ള നഷ്ടം | - |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | - |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| | | |
| ആകെ | | |

(സി)ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-20 | 20000 | സെക്രട്ടറി |
| 1-21 | 544000 | സെക്രട്ടറി |
| 1-22 | 517452 | സെക്രട്ടറി |
| 1-23-2 | 33294<br>1543<br>26274 | സെക്രട്ടറി<br>വി ഇ ഒ<br>അസിസ്റ്റന്റ് സെക്രട്ടറി |
| ആകെ | 1142563 | |

(ഡി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഇ) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(എഫ്)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| ക്രമ നം. | പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|---|
| | | ഇല്ല | |

4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 2000-01 | കെ.എസ്.എ/ടി.വി.എം/ജി.പി5/944/2018 | 2 |
| 2003-04 | കെ.എസ്.എ/ടി.വി.എം/ജി.പി5/944/2018 | 5 |
| 2004-05 | കെ.എസ്.എ/ടി.വി.എം/ജി.പി5/944/2018 | 1 |
| 2005-06 | കെ.എസ്.എ/ടി.വി.എം/ജി.പി5/944/2018 | 1 |
| 2008-09 | കെ.എസ്.എ/ടി.വി.എം/ജി.പി5/944/2018 | 11 |
| 2009-10 | കെ.എസ്.എ/ടി.വി.എം/ജി.പി5/944/2018 | 9 |
| 2010-11 | കെ.എസ്.എ/ടി.വി.എം/ജി.പി5/944/2018 | 11 |
| 2011-12 | കെ.എസ്.എ/ടി.വി.എം/ജി.പി5/944/2018 | 8 |
| 2012-13 | കെ.എസ്.എ/ടി.വി.എം/ജി.പി5/944/2018 | 3 |
| 2013-14 | കെ.എസ്.എ/ടി.വി.എം/ജി.പി5/944/2018 | 7 |
| 2014-15 | കെ.എസ്.എ/ടി.വി.എം/ജി.പി5/944/2018 | 20 |
| 2015-16 | കെ.എസ്.എ/ടി.വി.എം/ജി.പി5/944/2018 | 22 |
| 2016-17 | കെ.എസ്.എ/ടി.വി.എം/ജി.പി5/1968/19 | 16 |
| 2017-18 | കെ.എസ്.എ/ടി.വി.എം/ജി.പി5/300/2019 | 25 |
| 2018-19 | കെ.എസ്.എ/ടി.വി.എം/ജി.പി5/463/2020 | 20 |

ഡെപ്യൂട്ടി ഡയറക്ടർ

## അനുബന്ധം-1
## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2019-2020 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ തിരുവനന്തപുരം ജില്ലയിലെ വിതുര ഗ്രാമപഞ്ചായത്തിന്റെ 2019-2020-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, തിരുവനന്തപുരം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

തിരുവനന്തപുരം ജില്ലയിലെ വിതുര ഗ്രാമപഞ്ചായത്തിന്റെ 2019-2020 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, തിരുവനന്തപുരം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്